കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നാദാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.9/2171/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012
തീയ്യതി. 01.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

നാദാപുരം ഗ്രാമപഞ്ചായത്ത്

സർ

വിഷയം : നാദാപുരം ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം: കെ.എസ്.എ.കെ.കെ.ഡി/പി9/2171 /2016 തിയ്യതി – 18.01.2017

# കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിൻ മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2015 മുതൽ 15.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ റാന്റം ആയി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 29.11.2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ പി രത്ന സിംഗ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷിപിൻ പീറ്റർ സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഇല്യാസ് ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ സൂപ്പി നരിക്കാട്ടേരി | 2015 ഏപ്രിൽ 1 മുതൽ 2015 ഒക്ടോബർ 31 വരെ |
| | ശ്രീമതി സഫീറ മൂന്നാംകുനി | 2015 നവമ്പർ 07 മുതൽ 2016 മാർച്ച് 31 വരെ |
| സെക്രട്ടറി | ശ്രീ പി ചന്ദ്രൻ | 01.04.2015 മുതൽ 01.03.2016 വരെ |
| | ശ്രീ എം പി രജുലാൽ (ഇൻ ചാർജ്) | 02.03.2016 മുതൽ 22.03.2016 വരെ |
| | ശ്രീ കെ പി മുഹമ്മദ് ശഫീഖ് | 23.03.2016 മുതൽ 31.03.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ എസ് മനമോഹൻ | 01.04.2015 മുതൽ 01.02.2016 വരെ |
| | | ശ്രീമതി സുനിത പി കെ (ചാർജ്) | 02.02.2016 മുതൽ 31.03.2016 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ പി ആർ വേണുഗോപാൽ | 01.04.2015 മുതൽ 23.05.2015 വരെ |
| | | ശ്രീമതി ജിജ്ജു ജെ കെ കെ | 24.05.2015 മുതൽ 18.09.2015 വരെ |
| | | ശ്രീ.മുഹമ്മദ് നിസാർ.പി.പി | 18.09.2015 മുതൽ 16.11.2015 വരെ |
| | | ശ്രീമതി ജിജ്ജു ജെ കെ കെ (ചാർജ്) | 16.11.2015 മുതൽ 31.03.2016 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ : ആശാ വിജയൻ | 01.04.2015 മുതൽ 01.11.2015വരെ |
| | | ഡോ : ടി രജിത്ത് (ചാർജ്) | 01.11.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ : ലാലു ജോൺസ് ആർ | 01.04.2015 മുതൽ 22.08.2015 വരെ |
| | | ഡോ : മെയ് മോൾ പത്മാവതി | 23.08.2015 മുതൽ 12.11.2015വരെ |
| | | ഡോ : ഗീത ഗുരുദാസ് | 13.11.2015 മുതൽ 31.03.2016 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീമതി ഉഷാകുമാരി എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ : സൗമ്യവതി | 01.04.2015 മുതൽ 20.06.2015 വരെ |
| | | ഡോ : കെ എൻ ഹരിലാൽ | 20.06.2015 മുതൽ 31.03.2016 വരെ |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഗിരിജ കെ | 01.04.2015 മുതൽ 28.05.2015 വരെ |
| | | ശ്രീമതി കൌസല്യ ബി കെ | 29.05.2016 മുതൽ 31.03.2016 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എം പി രജ്ജുലാൽ | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ പി എം ദയാകലൻ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 – വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | | |
| 11 | വാർഷിക കണക്കിലെ അപാകതകൾ. | 2-1 | |
| 12 | ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു. | 2-2 | |
| 13 | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു | 2-3 | |
| 14 | സഞ്ചയ വഴിയുള്ള ഡിമാന്റ് കുറ്റമറ്റതാവുന്നില്ല | 2-4 | |
| 15 | വസ്തുനികുതി വരവ് പരിശോധന –പൊതു അപാകതകൾ | 2-5 | |
| 16 | പാർക്കിംഗ് ഉപയോഗത്തിനായി അംഗീകാരം കിട്ടിയ സ്ഥലം തരം മാറ്റി ഉപയോഗിക്കുന്നു. | 2-6 | |

| | | | |
|---|---|---|---|
| 17 | തൊഴിൽ നികുതി : രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ | 2-7 | |
| 18 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. | 2-8 | |
| 19 | അനധികൃത കെട്ടിട നിർമ്മാണം - ബഹു.ഹൈകോടതി ഉത്തരവ് നടപ്പാക്കാത്തതും മറ്റ് അപാകതകളും. | 2-9 | |
| 20 | പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു. | 2-10 | |
| 21 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു. | 2-11 | |
| 22 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-12 | |
| 23 | ലേലം, വാടക എന്നീ വരവിനങ്ങളുടെ പരിശോധന. | 2-13 | |
| 24 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 2-14 | |
| ഭാഗം 3 – ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 25 | സർക്കാർ അംഗീകാരം ലഭ്യമാക്കാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയം നടത്തുന്നു. | 3-1 | |
| 26 | ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ ഭവന പദ്ധതികൾ നടപ്പാക്കുന്നു. | 3-2 | |
| 27 | ഗുണഭോക്തൃ തിരഞ്ഞെടുപ്പ് - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-3 | |
| 28 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്ത് വക ഓഡിറ്റോറിയം നിർമ്മാണം. | 3-4 | |
| 29 | റോഡ്പ്രവൃത്തി ഭാഗികമായി ചെയ്യുന്നത് കാരണം പഞ്ചായത്തിന് നഷ്ടം വരാൻ സാധ്യത | 3-5 | |

| | | | |
|---|---|---|---|
| 30 | പദ്ധതിക്ക് വകയിരുത്തിയ ഫണ്ട് വകമാറ്റുന്നതും മറ്റപാകതകളും | 3-6 | |
| 31 | മരാമത്ത് പ്രവൃത്തികൾ-പൊതുഅപാകതകൾ | 3-7 | |
| 32 | ഡിപിസി അംഗീകരിക്കാത്ത പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-8 | |
| 33 | പ്രവൃത്തിക്കല്ലാതെ കരാറുകാർക്ക് ബിറ്റുമിൻ നൽകി | 3-9 | |
| 34 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തു-പഞ്ചായത്തിന് വൻനഷ്ടം | 3-10 | |
| 35 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറി മക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല | 3-11 | |
| 36 | ഐ.ആർ.സി.സ്പെസിഫിക്കേഷനില്ലാത്ത ഇനം പ്രവൃത്തിക്ക് തുക നൽകിയത് അനുവദനീയമല്ല | 3-12 | |
| 37 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ചില്ല | 3-13 | |
| 38 | ആവശ്യകതയിലും കുറവ് ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി അംഗീകരിക്കുന്നില്ല | 3-14 | |
| 39 | കടിവെള്ള പൈപ് ലൈൻ നീട്ടുന്നതിന് കേരളവാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്-അപാകതകൾ | 3-15 | |
| 40 | എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല. | 3-16 | |
| 41 | ഹൈമാസ്റ്റ് സോളാർ തെരുവ് വിളക്ക് വാങ്ങിയതിലെ അപാകതകൾ. | 3-17 | |
| 42 | സർക്കാർ നിർദ്ദേശം പാലിക്കാതെ സി.എഫ്.എൽ ലാമ്പുകൾ ക്രൂസ്സിൽ നിന്നും വാങ്ങി. | 3-18 | |
| 43 | വനിതകൾക്കായിട്ടുള്ള പദ്ധതിയിലൂടെ പുരുഷൻമാർക്കും ആനുകൂല്യം. | 3-19 | |

| | | | |
|---|---|---|---|
| 44 | കാർഷിക സമയക്രമം പാലിക്കാതെ തെങ്ങിന് ജൈവവളം വാങ്ങിച്ചു നൽകി | 3-20 | |
| 45 | മൃഗസംരക്ഷണ മേഖലയിൽ അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി. | 3-21 | |
| 46 | മുട്ടക്കോഴി വിതരണം പദ്ധതി - നടപ്പാക്കിയതിലെ അപാകതകൾ. | 3-22 | |
| 47 | ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയും മരുന്നുകൾ വാങ്ങി. | 3-23 | |
| 48 | പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി : മാർഗരേഖ പാലിക്കാതെ തുക ചിലവഴിച്ചു. | 3-24 | |
| 49 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ. | 3-25 | |
| 50 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-26 | |
| 51 | മീഡിയാശ്രീ പദ്ധതി - സി.ഡി.യും, വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. | 3-27 | |
| 52 | ഐ.കെ.എം. വിന്യസിച്ച സോഫ്റ്റ് വെയറുകൾ പ്രവർത്തനക്ഷമമല്ല. | 3-28 | |
| 53 | അനുപൂരക പോഷകാഹാര പദ്ധതിക്ക് കേന്ദ്ര വിഹിതം പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. | 3-29 | |
| 54 | മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-30 | |
| 55 | നികുതി കുടിശ്ശികയുണ്ടായിട്ടും റിവാർഡിനത്തിൽ തുക അനുവദിച്ചു. | 3-31 | |
| 56 | ബിറ്റുമിൻ ഇറക്കിയതിന് കൂലി അനുവദിച്ചു. | 3-32 | |

| | | | |
|---|---|---|---|
| 59 | എസ്.സി.എ. ഫണ്ട് വിനിയോഗിച്ചില്ല. | 3-33 | |
| 60 | കുടുംബശ്രീ ഫണ്ട് പണാപഹരണ കേസിന്റെ വിശദാംശങ്ങൾ സംബന്ധിച്ച്. | 3-34 | |
| 61 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല. | 3-35 | |
| 62 | അങ്കണവാടികളുടെ പ്രവർത്തനാവലോകനം. | 3-36 | |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 63 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 64 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 65 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 65 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 66 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 67 | ഓഡിറ്റ് റിക്കവറി | 4-6 | |
| 68 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 69 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 70 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 ലെ 27/2015 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു. 26.02.2016 ലെ 23/2016 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പുതുക്കി.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 15.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2015-16 | 18.11.2016 മുതൽ 29.11.2016 വരെ നടന്ന വാർഷിക ഓഡിറ്റിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2015-16 |
| മുന്നിരിപ്പ് | 19052301 |
| വരവ് | 74647711 |
| ആകെ | 93700012 |
| ചെലവ് | 83173889 |
| നീക്കിയിരിപ്പ് | 10526123 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3205929 | 10213304 | 15188876 | 15188876 | (+)1769643 | |
| വികസനഫണ്ട് എസ്.സി.പി. | 622945 | 1147880 | 1770825 | 1547880 | (-)222945 | |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 860785 | 5522347 | 6383132 | 6383132 | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 788434 | 3628421 | 4416855 | 4416855 | | 74579 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2450437 | 6531744 | 8982181 | 7883485 | (-)1098696 | 36205 |

| | | | | | | |
|---|---|---|---|---|---|---|
| കെ എൽ ജി എസ് ഡി പി | 3811086 | 339335 | 4150421 | 3702419 | (-)448002 | 108667 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1862 | 456996 | 458858 | 456774 | | 2084 |
| ബി ഫണ്ട് | 0 | 17029580 | 17029580 | 17029580 | | 0 |
| പൊതു ആവശ്യ ഗ്രാന്റ് | 142545 | 11623962 | 11766507 | 9262688 | | 2503819 |

മേൽ കണക്കുകൾ എ.സി.ആർ ,ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ എന്നിവ ആസ്പദമാക്കിയുള്ളതാണ്.

## 1-6 നടപ്പാക്കിയ പദ്ധതികൾ.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 273 | | 187 | | 9 | 77 | 68.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ക്രമ നം | ഇനം | 2015-16 |
|---|---|---|
| 1 | നികുതി വരവുകൾ | 1,13,76,175/- |
| 2 | നികുതിയേതര വരവുകൾ | 31,99,193/- |
| 3 | മറ്റുവരവുകൾ | 2,68,180/- |
| | ആകെ | 1,48,13,548/- |

| | | |
|---|---|---|
| 1. നികുതി വരവുകൾ | 2. നികുതിയേതര വരവുകൾ | 3. മറ്റുവരവുകൾ |

| | | | | | |
|---|---|---|---|---|---|
| RP 1 | 2176021 | RP 3 വാടക | 13000 | RP 9 | 268180 |
| RP 43 | ............... | RP 4 ഫീസ് & ചാർജസ് | 1075971 | | |
| തൻ വർഷ വസ്തു നികുതി (വാസം) | 7092120 | RP 5 ഫോറം വില & മേലനഭവം | 97115 | | |
| വസ്തു നികുതി കുടിശ്ശിക (വാസം) | 1453473 | RP 10 പലവക | 47629 | | |
| തൻ വർഷ വസ്തു നികുതി (വാണിജ്യം) | ........... | RP 43 യിലെ എല്ലാ നികുതിയേതര വരവുകളും | 1965478 | | |
| വസ്തു നികുതി കുടിശ്ശിക (വാണിജ്യം) | ............ | | | | |
| തൊഴിൽ നികുതി തൻവർഷം | 621161 | | | | |
| തൊഴിൽ നികുതി കുടിശ്ശിക | ............. | | | | |
| പരസ്യ നികുതി | 33400 | | | | |
| ആകെ | 1,13,76,175/- | ആകെ | 31,99,193/- | ആകെ | 2,68,180/- |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 1,15,080/- | 91 |
| കർഷകതൊഴിലാളി വേതനം | 37,84,800/- | 845 |
| വിധവാ പെൻഷൻ | 94,32,000/- | 1384 |
| വാർദ്ധക്യകാല പെൻഷൻ | 1,03,90,200 | 1707 |
| വികലാംഗ പെൻഷൻ | 28,34,100/- | 414 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2,93,600/- | 54 |

| | | |
|---|---|---|
| | | |
| വിധവകളുടെ മക്കൾ<br>ക്കുള്ള വിവാഹധന സഹായം | 5,70,000/- | 19 |

## 1-9 ക്യാഷ് നീക്കിയിരിപ്പ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016ന കാലത്ത് 10 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പായ 38417/- (മുപ്പത്തിയെട്ടായിരത്തി നാനൂറ്റി പതിനേഴ് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

ഹോണറേറിയം പോലെയുള്ള ആവശ്യങ്ങൾക്കായി പിൻവലിക്കുന്ന തുകകൾ രേഖപ്പെടുത്തുവാനുള്ള സപ്ലിമെന്ററി കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല എന്നത് പോരായ്മയാണ്. കമ്പ്യൂട്ടർ തകരാർ കാരണം മാന്വൽ രശീതി വഴി പണം പിരിക്കുമ്പോൾ അവ കമ്പ്യൂട്ടർ തകരാർ പരിഹരിക്കുന്ന മുറയ്ക്ക് പോസ്റ്റിംഗ് നടത്തേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.10.2016 | 01.09.16 മുതൽ 30.09.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | (എയിംസിൽ ചേർത്തു) | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2015-16സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ, ഒക്യുപെൻസി മാറുന്നതിനുള്ള രജിസ്റ്റർ എന്നിവ നിശ്ചിത മാതൃകയിൽ സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
2. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റിൽ നികുതി ഒഴിവാക്കപ്പെട്ട 660 ചതുരശ്ര അടി തറവിസ്തീർമുള്ള വാസഗൃഹങ്ങളുടെ നികുതിയും ഉൾപ്പെട്ടിട്ടുണ്ട്.
3. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയൽ 5829 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 1043 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ് ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് പിരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ലൈസൻസ് ഫീസിനത്തിൽ ലഭ്യമായ തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.
4. പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസിനത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 1,300/- രൂപയും വാർഷിക കണക്ക്

പ്രകാരം 450/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 850/- രൂപയുടെ വ്യത്യാസം ക്രമപ്പെടുത്തിയിട്ടില്ല.

5. ജനന മരണ രജിസ്ട്രേഷൻ, മാര്യേജ് രജിസ്ട്രേഷൻ എന്നീ വരവിനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ തൻവർഷം ലഭിച്ച 10,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുക സർക്കാരിലേക്ക് തിരിച്ചടവാക്കിയതാണെങ്കിൽ ആയതും രേഖകൾ സഹിതം വിശദീകരിച്ചിട്ടില്ല.

7. തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് (കേരള ഗ്രാമീണ ബാങ്ക് അക്കൗണ്ട് നം. 1821) സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2016 ലെ നീക്കിയിരിപ്പ് 3,77,805/- രൂപയാണ്. സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 3,91,055/- രൂപയാണ്.

8. വികസന ഫണ്ട് (ജനറൽ) എ.സി.ആർ. പ്രകാരം 1,83,36,570/- രൂപ വരവുണ്ട്. വാർഷിക കണക്ക് പ്രകാരം 1,02,13,304/- രൂപയാണ്.

9. ലോക ബാങ്ക് ധനസഹായം എ.സി.ആർ. പ്രകാരം 4,48,002/- രൂപ വരവുണ്ട്. വാർഷിക കണക്ക് പ്രകാരം 3,39,335/- രൂപയാണ്.

10. ധനകാര്യ കമ്മീഷൻ അവാർഡ് എ.സി.ആർ. പ്രകാരം 54,69,253/- രൂപ വരവുണ്ട്. വാർഷിക കണക്ക് പ്രകാരം 65, 31,744/- രൂപയാണ്.

11. വികസന ഫണ്ട് (എസ്.സി.പി.) എ.സി.ആർ. പ്രകാരം 11,14,000/- രൂപ വരവുണ്ട്. വാർഷിക കണക്ക് പ്രകാം 11,47,880/- രൂപയാണ്.

12. സംരക്ഷണ ഗ്രാന്റ് (റോഡിതരം) എ.സി.ആർ പ്രകാരം 37,03,000/- രൂപ വരവുണ്ട്. വാർഷിക കണക്ക് പ്രകാരം 36,28,421/- രൂപയാണ്.

13. സംരക്ഷണ ഗ്രാന്റ് (റോഡ്) എ.സി.ആർ. പ്രകാരം 60,43,000/- രൂപ വരവുണ്ട്.വാർഷിക കണക്ക് പ്രകാരം 55,22,347/- രൂപയാണ്.

14. T.S.C യിനത്തിൽ എ.സി.ആർ പ്രകാരം 7,08,337/- രൂപ വരവുണ്ട്. വാർഷിക കണക്ക് പ്രകാരം 7,08,000/- രൂപയാണ്.

15. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

16. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

17. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു

നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

നാദാപുരം ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീ യിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ ( സ.ഉ (അച്ചടി) നം.88/2013/ത.സ്വ.ഭ.വ തീയതി 13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർധനയും വരുത്താൻ സാധിക്കുന്നില്ല.

വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു 2015-16 വർഷം നികുതിയിനത്തിൽ 157847രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടത്തിന്റെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിനോടൊപ്പമുള്ള അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടം നിലവിൽ വന്ന ശേഷം ഗ്രാമപഞ്ചായത്തിൽ പണി പൂർത്തിയായ 100 ചതുരശ്ര മീറ്ററിലധികം തറവിസ്തീർണമുള്ള മുഴുവൻ പാർപ്പിടേതര കെട്ടിടങ്ങൾക്കും നികുതി നിർണയിച്ചത് പുനപരിശോധിച്ച് കുറവ് വന്ന നികുതി നികുതിദായകരിൽ നിന്നും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## **2-3** കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടത്തി 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലും 03.08.2011ൽ ചേർന്ന ഭരണസമിതി നികുതി നിശ്ചയിച്ചിട്ടുണ്ട്.

വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യുപ്പൻസിയുടെ വിസ്തീർണത്തിനും ഭരണസമിതി നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | തറവിസ്തീർണം (ച.മീ) | ഭരണ സമിതി നിശ്ചയിച്ച നികുതി നിരക്കും അത് പ്രകാരം ഈടാക്കേണ്ട അടിസ്ഥാന നികുതിയും (ച.മീറ്ററിനു) | | നിർണയിച്ച അടിസ്ഥാന നിരക്കും (ച.മീറ്ററിനു) നികുതിയും | | നികുതി നിർണയിച്ചതിൽ വന്ന കുറവ് |
|---|---|---|---|---|---|---|---|
| 22/515 എ | പി എം മൊയ്തു പീടിക മീത്തൽ | 107 | 70 | 7490/- | 60 | 6420/- | 1070/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 21/1750 എ1 | അലിഹസൻ ഹാജി, താവോട്ട് | 193 | 70 | 13510 | 60 | 11580/- | 1930/- |
| 18/542 എ2 | സൂപ്പിഹാജി, അരിങ്ങാട്ടിൽ താമസിക്കും കോറോത്ത്,പുളിയാവ് പി .ഓ, 673519<br><br>ജമീല,ആ്ള്ളപ്പറമ്പത്ത്, പുളിയാവ് പി .ഒ 673519<br><br>മൊയ്തു ഹാജി,ചാലിൽ താമസിക്കും പുത്തൻ പുരയിൽ,വളയം, 673517 | 113.7 | 70 | 7959/- | 60 | 6822/- | 1137/- |
| 18/542 ബി 2 | -ടി- | 134.22 | 70 | 9395/- | 60 | 8053/- | 1342/- |
| 18/542 സി2 | -ടി- | 145.19 | 70 | 10163/- | 60 | 8711/- | 1452/- |

കുറഞ്ഞ നികുതി ഈടാക്കിയതും നിർണയിച്ചതുമായ കെട്ടിടങ്ങളെ കൂടുതൽ പരിശോധന നടത്തി കണ്ടെത്തി ഈ ഇനത്തിൽ വന്ന നഷ്ടം നികത്താനുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

## 2-4 സഞ്ചയ വഴിയുള്ള ഡിമാന്റ് കുറ്റമറ്റതാവുന്നില്ല

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ നിലവിൽ വരുകയും നിലവിലെ വിവരങ്ങളെല്ലാം ഡാറ്റാ എൻട്രി നടത്തി സഞ്ചയയിൽ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.സാംഖ്യ സഞ്ചയ ഇന്റഗ്രേഷനും നടപ്പിലാക്കിയിട്ടുണ്ട്. മാന്വലായി മുമ്പ് തയ്യാറാക്കിയിരുന്ന ഡിമാന്റ് നോട്ടീസ് നിലവിൽ സഞ്ചയയിൽ നിന്നും ജനറേറ്റ് ചെയതെടുക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി ഡിമാന്റിലെ കൃത്യത പരിശോധിക്കാനായി വസ്തു നികുതി ഇളവ് നൽകപ്പെട്ടവരുടെ സഞ്ചയ വഴി ജനറേറ്റ് ചെയ്യപ്പെടുന്ന ഡിമാന്റ് പരിശോധിച്ചപ്പോൾ വസ്തു നികുതി ഒഴിവാക്കപ്പെട്ടവരും സഞ്ചയ പ്രകാരമുള്ള ഡിമാന്റിൽ ഉൾപ്പെട്ടതായി കാണുന്നു. ഇതു കാരണം 100 ശതമാനം പിരിവ് നടത്തിയാലും രേഖകളിൽ വസ്തു നികുതി കുടിശ്ശികയായി വരും. സ.ഉ (കൈ) നം. 144/2015 ത.സ്വ.ഭ തീയതി 27.04.2015,സ.ഉ (കൈ) നം. 358/2015 ത.സ്വ.ഭ തീയതി 16.12.2015 എന്നീ ഉത്തരവുകൾ പ്രകാരം 2015-16 വർഷം മുതൽ വസ്തു നികുതി ഒഴിവാക്കിയിട്ടുള്ള 660 ച.അടിയിൽ കുറവ് തറവിസ്തീർണമുള്ള കെട്ടിടങ്ങളും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ 4ാം വാർഡിൽ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ഇളവ് നൽകപ്പെട്ടവരുടെ വിശദാംശങ്ങൾ മാതൃകയായി എടുത്ത് പരിശോധിച്ചപ്പോൾ പല കെട്ടിടങ്ങളും ഡിമാന്റ് രജിസ്റ്ററിലും ഉൾപ്പെട്ടതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണം (ച.മീ) | ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 ൽ അടയ്ക്കേണ്ട നികുതി |
|---|---|---|---|
| 4/3 | കേളപ്പൻ നടുക്കുന്നിയുള്ളതിൽ | 60 | 59 |

| | | | |
|---|---|---|---|
| 4/7 | ഗോപാലൻ കുന്നിയുള്ളതിൽ | 55 | 145 |
| 4/8 | നാണു മീത്തലെ കുന്നിയുള്ളതിൽ | 58 | 183 |
| 4/12 | രാജൻ ഒന്തം പറമ്പത്ത് | 60 | 59 |
| 4/44 | കുന്നിയുള്ളതിൽ ആണ്ടി | 46 | 184 |

അപാകത പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി വരവ് പരിശോധന -പൊതു അപാകതകൾ

1992ലെ 73ാം ഭരണഘടനാ ഭേദഗതി പ്രകാരം എല്ലാ പഞ്ചായത്തുകളിലെയും ഗ്രാമങ്ങളിലെയും വാർഡുകളിൽ രജിസ്റ്റർ ചെയ്ത വോട്ടർമാരുടെ സമ്മേളനമായ ഗ്രാമസഭകൾക്ക് ഭരണഘടനാപരമായ അംഗീകാരം ലഭിച്ചു. ഇതുവഴി, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്ന ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 207, 208, 254 എന്നീ വകുപ്പുകളിലായാണ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയെ സംബന്ധിച്ച അടിസ്ഥാന കാര്യങ്ങൾ പ്രതിപാദിക്കുന്നത്. ഇതിലെ വകുപ്പ് 207 പ്രകാരം ചില ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

മേൽ വകുപ്പുകൾക്ക് ചുവടു പിടിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട നിലവിൽ വന്ന ആദ്യ ചട്ടമാണ് 28.03.1996 ലെ സ.ഉ (അ) നം.73/96/ത.ഭ.വ പ്രകാരം പുറപ്പെടുവിച്ച 1996 ലെ കെട്ടിട നികുതിയും അതിൻ മേലുള്ള സർചാർജ്ജും ചട്ടങ്ങൾ. ഈ ചട്ടം പ്രകാരം കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തെ അടിസ്ഥാനമാക്കിയാണ് വസ്തു നികുതി കണക്കാക്കിയിരുന്നത്. ഈ ചട്ടങ്ങളെ അതിലംഘിച്ചു കൊണ്ട് 2011 ഏപ്രിൽ 1 പ്രാബല്യത്തീയതിയിൽ 2011 ജനുവരി 14 ലെ സ.ഉ (അച്ചടി) നം.20/2011/ ത.സ്വ.ഭ പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നു. പല കാരണങ്ങളാൽ വസ്തു നികുതി പരിഷ്കരണം 01.04.2013 പ്രാബല്യത്തീയതിയിൽ മാത്രമേ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വന്നുള്ളൂ. തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് ഈ ചട്ടപ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി ഈടാക്കുന്നത് ഈ ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്.

തുടർന്ന് ഈ ചട്ടത്തിനു അനുബന്ധമായും സ്പഷ്ടീകരണം നൽകിക്കൊണ്ടും ഭേദഗതി വരുത്തിക്കൊണ്ടും ഉത്തരവുകൾ ഇറങ്ങുകയുണ്ടായി. ചില ഉത്തരവുകളുടെ നമ്പറുകൾ താഴെ നൽകുന്നു.

1. സ.ഉ(അച്ചടി) നം.19/2011/ ത.സ്വ.ഭ തീയതി 14.01.2011

2. സ.ഉ (അച്ചടി) നം. 88/2013/ ത.സ്വ.ഭ തീയതി 13.03.2013

3. സ.ഉ (കൈ) നം. 144/2015 ത.സ്വ.ഭ തീയതി 27.04.2015

4. സ.ഉ (കൈ) നം. 242/2013 ത.സ്വ.ഭ തീയതി 02.07.2013

5. സ.ഉ (കൈ) നം. 176/2001ത.സ്വ.ഭ തീയതി 13.07.2001

6. സ.ഉ (സാധാ) നം. 1021/2010 ത.സ്വ.ഭ തീയതി 25.03.2010

മേൽ പ്രസ്താവിച്ചതുൾപ്പെടെയുള്ള നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും അടിസ്ഥാനമാക്കിയാണ് നാദാപുരം ഗ്രാമപഞ്ചായത്തിലും വസ്തുനികുതി ഈടാക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം 14.01.2011 ലെ സ.ഉ (അച്ചടി) നം.19/2011/ ത.സ്വ.ഭ യുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ 03.08.2011നു ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ചില അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ഒരാളുടെ പേരിലുള്ള 2 കെട്ടിടങ്ങൾക്ക് ഇളവ് നൽകി

സ.ഉ (കൈ) നം. 358/2015 ത.സ്വ.ഭ തീയതി 16.12.2015 പ്രകാരം ഒരാൾ താമസത്തിനുപയോഗിക്കുന്ന ഒരു വാസഗൃഹത്തിനു അതിന്റെ തറ വിസ്തീർണം 660 ച.അടിയിൽ കുറവാണെങ്കിൽ വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ താമസിക്കുന്ന ശ്രീമതി പൊക്കി പൂളിക്കണ്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള 89 ാം നമ്പർ കെട്ടിടത്തിനും (40 ച.മീ തറവിസ്തീർണം) 86 ാം നമ്പർ കെട്ടിടത്തിനും (49 ച.മീ തറവിസ്തീർണം) നികുതി ഒഴിവാക്കിയതായി കാണുന്നു.

2. സഞ്ചയയിലെയും മാന്വൽ രജിസ്റ്ററിലെയും വിവരങ്ങൾ തമ്മിൽ വൈരുധ്യം

ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| കെട്ടിട നം | മാന്വൽ രജിസ്റ്റർ | സഞ്ചയ |
|---|---|---|
| 5/298 എ | അബ്ദുൽ നാസർ | ആയിഷ,കുളങ്ങരത്തിൽ, കൂടത്തിൽ, |
| 5/232 ബി | മെമ്മേനി നാസർ | വിശാല,,എടക്കണ്ടി താഴക്കുനിയിൽ |
| 4/260 ബി | ഉടമയുടെ പേര് അശ്‌റഫ് പിലാട്യത്ത് | ഉടമയുടെ പേര് മുനീർ മലോക്കണ്ടിയിൽ |
| 17/28 എ | തറ വിസ്തീർണം 78.88 ച.മീ | തറ വിസ്തീർണം 72.88 |
| 4/51 എ | തറ വിസ്തീർണം 225 ച.മീ | തറ വിസ്തീർണം 256 ച.മീ |
| 4/482 ഡി | തറ വിസ്തീർണം 70.51 ച.മീ | തറ വിസ്തീർണം 64 ച.മീ |
| 4/53എ1 | തറ വിസ്തീർണം 73.22 ച.മീ | തറ വിസ്തീർണം 82 ച.മീ |
| 5/193 ബി | ഉടമയുടെ പേര് സത്യൻ എം വി | ഉടമയുടെ പേര് പവിത്രൻ എം പി |

3. വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക വരുത്തി.

ബാലൻസ് ഷീറ്റിലെ ബി 15 ഷെഡ്യൂൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 22 വാർഡുകളിൽ നിന്നായി 1841976 രൂപ ഈടാക്കുവാനുണ്ട്.

4. കുടിശ്ശികയിനത്തിൽ ഡിമാന്റിനേക്കാൾ കൂടുതൽ വരവ്

2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ബി 15) മുൻവർഷം വരെയുള്ള കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) 62914 രൂപയും തൻവർഷ കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) 9265 രൂപയുമാണ്. ആകെ കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) 72179 രൂപയാണ്. എന്നാൽ ഈ ഇനത്തിൽ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ആർപി 43) കുടിശ്ശിക പിരിവ് ലൈബ്രറി സെസ് കൂടാതെ തന്നെ 7187101 രൂപയാണ്. ഇത്രയധികം തുക പിരിച്ചിട്ടും 2014-15 ലെ വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ബി 15) മുൻവർഷം വരെയുള്ള കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) 1210785.65 രൂപയും തൻവർഷ കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) 1698812 രൂപയുമാണ്.

5. സർക്കാർ ഉത്തരവിനനുസൃതമായി സഞ്ചയയിൽ മാറ്റം വരുത്തുന്നതിൽ കാലതാമസം

27.04.2015 ലെ സ.ഉ (കൈ)നം.144/2015/ത.സ്വ.ഭ.വ പ്രകാരം 660 ചതുരശ്ര അടി വരെയുള്ള വാസഗൃഹങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി കൊടുത്തിട്ടുണ്ട്. പിന്നീട് 16.12.2015 ലെ സ.ഉ (കൈ)നം.358/2015/ത.സ്വ.ഭ.വ പ്രകാരം ഇതിനു സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിർദേശിക്കുന്ന മാറ്റങ്ങൾ 10 ദിവസത്തിനകം സോഫ്റ്റ് വെയറിൽ വരുത്തണമെന്നു ഈ ഉത്തരവിലെ ക്രമ നം 6 പ്രകാരം നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ മാറ്റങ്ങൾ മാസങ്ങൾ എടുത്താണ് സഞ്ചയയിൽ വരുത്തിയിരിക്കുന്നത്.

6. മൊബൈൽ ടവറിന്റെ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 9 മൊബൈൽ ടവറുകളുടെയും നികുതി ഈടാക്കുന്നില്ല. അനുബന്ധകെട്ടിടങ്ങളുടെ നികുതി മാത്രമേ ഈടാക്കുന്നുള്ളൂ.

7. വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ലൈസൻസ് എടുത്ത കെട്ടിടങ്ങളും തമ്മിൽ വൻ അന്തരം

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രേഖകൾ പ്രകാരം 5829 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി നിർമിച്ചവയാണ്. എന്നാൽ 1043സ്ഥാപനങ്ങൾക്കേ ഡി ആന്റ് ഒ ലൈസൻസ് ഉള്ളൂ. ബാക്കി കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റിയോ അല്ലെങ്കിൽ അവയിൽ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

8. സോഫ്റ്റ് വെയറുകളിൽ നിന്നു ആവശ്യമായ വിവരങ്ങൾ ലഭ്യമാവുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന സഞ്ചയ,സാംഖ്യ എന്നീ സോഫ്റ്റ് വെയറുകളിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാകുന്നില്ല.

1. വിവിധ മാനദണ്ഡങ്ങൾ നല്കി അതിനനുസരിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല.

ഉദാഹരണം : ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ

: ഇത്ര മുതൽ ഇത്ര വരെ വിസ്തീർണമുള്ള എത്ര കെട്ടിടങ്ങളുണ്ടെന്നോ അവയുടെ വിശദാംശങ്ങളും

2. തൻവർഷം എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിക്കാനുണ്ട്.

3. തൻവർഷനികുതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചു.

4. ലൈബ്രറി സെസ് കൂടാതെ തൻവർഷ നികുതിയിനത്തിലും കുടിശ്ശികയിനത്തിലും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

5. കെട്ടിട നിർമാണം പൂർത്തിയായ തീയതിയോ പെർമിറ്റ് നമ്പറോ വ്യക്തമല്ല.

6. ഒരു ഉടമയുടെ പേര് നൽകി അയാളുടെ പേരിൽ എത്ര കെട്ടിടങ്ങളുണ്ടെന്നോ അതിന്റെ വിശദാംശങ്ങളും.

9. നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല.

04.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകളിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ നടത്തി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ട സമയക്രമങ്ങൾ സർക്കാർ നിർദ്ദേശ്ശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും, 14.01.2011 ന മുമ്പ് നിർമ്മിച്ചവയും നിലവിൽ പഞ്ചായത്ത് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി പരിഷ്കരണം നടത്തി പുതിയ രീതിയിൽ നികുതി ഈടാക്കുന്നതിനായി 03.08.2011ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകളോട് വസ്തു നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് പൊതു നോട്ടീസ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വസ്തു നികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ (ഫോറം നം.3), ,ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ മാന്വലായോ, കമ്പ്യൂട്ടർ പ്രിന്റഡ് ആയോ സൂക്ഷിക്കുന്നില്ല.

10. പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 പ്രകാരം ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും മറ്റും സെക്രട്ടറി സൂക്ഷിക്കണമെന്ന 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(6) പ്രകാരം പ്രത്യേകം നിർദേശിക്കുന്നുണ്ടെങ്കിലും സൂക്ഷിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററല്ലാതെ മറ്റൊരു രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11. ഫ്ലാറ്റുകൾക്ക് വാസഗൃഹങ്ങളുടെ നികുതി

'സഞ്ചയ'യയിൽ ഫ്ലാറ്റുകളുടെ നികുതി നിർണയിക്കുമ്പോൾ വാസഗൃഹങ്ങൾക്ക് ബാധകമായ നികുതിയേ ഈടാക്കാൻ സാധിക്കുന്നുള്ളൂ. ഇതു കാരണം പഞ്ചായത്തിനു വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു.

അപാകതകൾക്ക് പരിഹാരം കാണേണ്ടതും ഉദാഹരണങ്ങളിലായി സൂചിപ്പിച്ച സംഗതികളിൻ മേൽ വിശദ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 പാർക്കിംഗ് ഉപയോഗത്തിനായി അംഗീകാരം കിട്ടിയ സ്ഥലം തരം മാറ്റി ഉപയോഗിക്കുന്നു.

ഫയൽ നം. എ.2/605/15

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ, തീയ്യതി | എ.2/065/15, 19.09.2015 |
| അപേക്ഷകന്റെ പേര് | ശ്രീ.അമ്മദ്, ഒതിയിൽ, കല്ലാച്ചി (പി.ഒ), നാദാപുരം |
| കെട്ടിടത്തിന്റെ തരം | സമ്മേളന വിനിയോഗം, |
| പ്ലോട്ട് വിസ്തീർണ്ണം, റീ സർവ്വെ.നം. | 41 $^1/_2$ സെന്റ് സ്ഥലം, 4/1 |

നാദാപുരം ഗ്രാമപഞ്ചായത്തിൽ വിഷ്ണുമംഗലം ദേശത്ത് ഗ്രൂപ്പ്.ഡി വിഭാഗത്തിൽപെട്ട ഓഡിറ്റോറിയം നിർമ്മിക്കുന്നതിനാണ് അപേക്ഷകൻ പെർമിറ്റിനായി അപേക്ഷിച്ചതും മേൽ വിവരിച്ച പ്രകാരം അനുമതി നേടിയതും. 19.09.2015 മുതൽ 18.09.2018 വരെയായിരുന്നു പെർമിറ്റിന്റെ കാലാവധി. പെർമിറ്റ് പ്രകാരമുള്ള നിർമ്മാണ അനുമതിയുടെ അളവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| Cellar | 62.32 |
| G.F | 542.84 m2 |
| F.F | 189.96 m2 |
| Total | 795.12m2 |
| Cellar Floor Parking area | 480.52 m2 |

31.01.2015 ന് കെട്ടിട ഉടമസ്ഥൻ സമർപ്പിച്ച അപേക്ഷ ജില്ല ടൌൺ പ്ലാനറുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന് അയച്ചു കൊടുത്തെങ്കിലും വിവിധ കാരണങ്ങളാൽ പ്ലാൻ അംഗീകരിക്കാതെ തിരിച്ചയച്ചു. തുടർന്ന് അപാകതകൾ പരിഹരിച്ച് സമർപ്പിച്ച പ്ലാൻ നിബന്ധനകൾക്കു വിധേയമായി ലേഔട്ടിന് അനുമതി നൽകി. (നം.സി.1-953/15 /കെ.ഡി.എസ്, 07.04.2015) പ്രസ്തുത അനുമതി പത്രത്തിലെ നിബന്ധന 2 പ്രകാരം സെല്ലാർ ഫ്ലോറിൽ കാർപാർക്കിംഗിനായി രേഖപ്പെടുത്തിയ സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി തരം മാറ്റുവാൻ പാടില്ലാത്തതും ആയത് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് പരിശോധനയുടെ ഭാഗമായി ശ്രീ.മധു. സീനിയർ ക്ലാർക്ക് എന്നവരുടെ സാന്നിധ്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ പരിശോധിച്ചതിൽ നിന്നും കാർപാർക്കിംഗിനായി നീക്കിവച്ച സ്ഥലം ഡൈനിംഗ് ഹാൾ ആയി ഉപയോഗിക്കുന്നതായി കാണുവാൻ കഴിഞ്ഞു. നിയമവിരുദ്ധമായിട്ടാണ് ഉടമസ്ഥൻ പ്രസ്തുത കെട്ടിടത്തിൽ അനുവദിച്ച പാർക്കിംഗ് സ്ഥലം തരം മാറ്റി വിനിയോഗിക്കുന്നത്. ഇത് കാരണം പഞ്ചായത്ത് ഫണ്ടിന് വസ്തു നികുതി വരവിനത്തിലും ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനും പാർക്കിംഗിനുമായി ആവശ്യമായ സ്ഥലം കൈവശമുണ്ടായിരിക്കേയാണ് ഉടമസ്ഥൻ തെറ്റായ രീതിയിൽ പ്ലാൻ സമർപ്പിച്ച് നമ്പർ നേടി കെട്ടിടം തരം മാറ്റി വിനിയോഗിക്കുന്നത്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം.17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ

അറിയിക്കേണ്ടതും ഒരു പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത തരത്തിലുള്ള നിയമനടപടികൾ പാലിക്കാൻ വീഴ്ച വരുത്തി അനധികൃതമായി കെട്ടിട തരം വിനിയോഗിക്കുകയാണ് ചെയ്യുന്നത്.

ആയതിനാൽ പ്രസ്തുത കെട്ടിട ഉടമസ്ഥനിൽ നിന്നും പ്ലാൻ റിവൈസ് ചെയ്ത് വാങ്ങേണ്ടതും, നിലവിൽ ഡൈനിംഗ് ഹാളായി വിനിയോഗിക്കുന്ന ഭാഗം കൂട്ടി ഉൾപ്പെടുത്തി വസ്തു നികുതി റിവൈസ് ചെയ്യേണ്ടതും പെർമിറ്റ് ഫീ ഈ ഭാഗത്തിന് നൽകിയിട്ടില്ലെങ്കിൽ അതു കൂടി ഈടാക്കേണ്ടതാണ്. നടപടിക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സമാനമായ രീതിയിൽ കെട്ടിടങ്ങൾ തരം മാറ്റി ഉപയോഗിക്കുന്നത് പരിശോധിക്കേണ്ടതും പരിശോധന റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-7 തൊഴിൽ നികുതി : രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ

ഓഡിറ്റ് വർഷത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ച ഫോറം V രജിസ്റ്റർ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി ഉത്തരവ് ജി ഒ.(പി) 143/08/ ത. സ്വ. ഭ. വ തീയ്യതി 27.5.08 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.തൊഴിലാളികളുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഡി.ആന്റ്.ഒ.ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 1043 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 92 സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കാത്ത ചില സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ താഴെ നൽകുന്നു. ഈ സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ സ്ഥാപന രജിസ്റ്ററിൽ ചേർക്കുകയോ തൊഴിലാളികളുടെ തൊഴിൽ നികുതി രണ്ട് അർധവർഷങ്ങളിലായി ഈടാക്കുകയോ ചെയ്തിട്ടില്ല.

1. മെഡി ചെക്ക് ഡയനോസ്റ്റിക്സ്
2. വിനായക ഫിസിയോ തെറാപ്പി ക്ലിനിക്ക്
3. റൂബിയാൻ ട്രേഡിംഗ് സെന്റർ കല്ലാച്ചി
4. റൂബിയാൻ ട്രേഡിംഗ് സെന്റർ നാദാപുരം
5. ഹോട്ടൽ കൊച്ചിൻ
6. എം.ഒ.കുമാരൻ ടെക്സ്റ്റൈൽസ് ആന്റ് റെഡിമെയ്ഡ്സ്
7. കണ്ണങ്കണ്ടി ട്രേഡേഴ്സ്
8. ജംബോ ഇല്ക്ട്രോമിക്സ്
9. ലീലാ സൺസ്
10. ബേക്ക് ലാന്റ് റസ്റ്റോറന്റ്
11. മൈക്രോ ലാബ്
12. ഇരിട്ടി സ്റ്റോർ
13. എം.എസ്. സൂപ്പർ മാർക്കറ്റ്
14. ക്ലാസിക് ട്രേഡിംഗ് സെന്റർ
15. സവാകി ക്രോക്കറി പാലസ്
16. സ്വർണാഞ്ജലി ഗോൾഡ്
17. ഹൈ ക്ലാസ് ഫർണിച്ചർ
18. റാക് ഫർണിച്ചർ
19. മണിയറ ഫർണിച്ചർ
20. ഫുഡ് പാർക്ക് റസ്റ്റോറന്റ്
21. ഐസ് ബർഗ് പാർലർ
22. കീർത്തി ബേക്കേഴ്സ്

23. ടോപ്സി ബേക്കേഴ്സ്
24. പാരിസ് ബേക്കേഴ്സ്
25. അക്സ ഹാർഡ് വേഴ്സ്
26. ഹോണ്ട സർവീസ് സെന്റർ
27. ബജാജ് സർവീസ് സെന്റർ
28. മൻസൂർ ട്രേഡിംഗ് കമ്പനി
29. ഫെറസ് എന്റർ പ്രൈസസ്
30. ഇൻഡസ് മോട്ടോഴ്സ്
31. പോപുലർ മോട്ടോഴ്സ്
32. ശാഫി കളരി മർമ ചികിത്സാലയം

കൂടാതെ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ പെട്രോൾ പമ്പുകൾ, പാരലൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ കുടിശ്ശിക വിവരം 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കാണിക്കുകയോ ചെയ്തിട്ടില്ല. വാർഷികധനകാര്യപത്രിക പ്രകാരം 2015-16 വർഷത്തെ തൊഴിലാളികളുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റും വരവും തുല്യമാണ് .

2.സ്ഥാപന രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205(ഇ), ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചില്ല.

3.റിട്ടേണുകൾ സമർപ്പിക്കുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് വ്യാപാരസ്ഥാപനങ്ങൾക്ക് നൽകുകയോ വ്യാപാരസ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്നോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. റിട്ടേൺ ആവശ്യപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രേഖകൾ പ്രകാരം ആകെ 5755 വാണിജ്യ കെട്ടിടങ്ങളും 74 വ്യാവസായിക കെട്ടിടങ്ങളും മറ്റ് പാർപ്പിടേതര ആവശ്യങ്ങൾക്കായുള്ള 108 കെട്ടിടങ്ങളും പഞ്ചായത്ത് പരിധിയൽ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗം സ്ഥാപനങ്ങളോടും തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല.

5. സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു.

സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന എം ഇ ടി പബ്ലിക് സ്കൂളിലെ ജീവനക്കാരിൽ നിന്നും നാല് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയീടാക്കിയപ്പോഴും കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത്, ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശംപള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ്. [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ പബ്ലിക്ക് സ്കൂൾ, ഭാരതീയ വിദ്യാഭവൻ സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശംപളവും മറ്റാനുകൂല്യങ്ങളും ലഭ്യാമക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശംപളവും മറ്റാനുകൂല്യങ്ങളും മേൽ പറഞ്ഞ സ്കൂളിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ളത്. ഇത് പഞ്ചായത്ത് ഫണ്ടിനും നഷ്ടം വരുത്തിയിട്ടുണ്ട്. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുമില്ല.

6.റിട്ടേണകളിൽ കാണിച്ച വേതനം മിനിമം വേതനത്തേക്കാൾ കുറവ്.

താഴെ പറയുന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേണിൽ സർക്കാർ നിർദേശിച്ച മിനിമം വേതനം കാണിക്കുന്നില്ല.

| ക്രമ നം | സ്ഥാപനം | മിനിമം വേതനം നിശ്ചയിച്ച ഉത്തരവ് നമ്പരും തീയതിയും |
|---|---|---|
| 1. | അൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1.സ.ഉ (കൈ) നം 36/11/പൊ വി |
| | പ്രോവിഡൻസ് പബ്ലിക് സ്കൂൾ | തീയതി 14.02.2011 |
| | വിവിധ പാരലൽ കോളേജുകൾ | 2.സ.ഉ (അച്ചടി) നം. 155/2011/തൊഴിൽ |
| | എം ഇ ടി കോളേജ് കല്ലാച്ചി | തീയതി 12.09.2011(അധ്യാപകേതരം) |
| 2 | വിംസ് ഹോസ്പിറ്റൽ കല്ലാച്ചി<br>ന്യൂക്ലിയസ് ഹെൽത്ത് സെന്റർ നാദാപുരം<br>സ്നേഹ ക്ലിനിക്ക് കല്ലാച്ചി<br>വെട്ടുകാട്ടിൽ മെഡിക്കൽ സെന്റർ കല്ലാച്ചി | സ.ഉ (അച്ചടി) നം. 133/2010/തൊഴിൽ<br>തീയതി 06.11.2010 (മെഡിക്കൽ ഷോപ്പ്)<br>സ.ഉ (കൈ) നം 135/2013/തൊഴിൽ<br>തീയതി 05.11.2013<br>സ.ഉ (കൈ) നം 893/2013/തൊഴിൽ<br>തീയതി 23.05.13 (നഴ്സിംഗ് ട്രെയിനീസ്) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം 31/ 29.11.2016 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും മറ്റ് പാർപ്പിടേതര കെട്ടിടങ്ങളിൽ നിന്നും തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങളും തൊഴിൽ നികുതി റിട്ടേണുകളും വാങ്ങിക്കേണ്ടതും സമർപ്പിക്കപ്പെടുന്ന റിട്ടേണുകൾ പരിശോധിച്ച് തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. ചട്ടത്തിൽ നിഷ്കർഷിച്ച സ്ഥാപന രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

## 2-8 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | 11,03,220 |
| വെള്ളക്കരം | 4,79,502 |
| തെരുവ് വിളക്ക് കത്തിക്കൽ | 6,88,378 |
| ആകെ | 22,71,100 |

നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-9 അനധികൃത കെട്ടിട നിർമ്മാണം - ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പാക്കാത്തതും മറ്റ് അപാകതകളും.

ഫയൽ നം. എ.2/11274/10

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ, തീയ്യതി | എ.2/11274/10 09.11.2010 |
| അപേക്ഷകരുടെ പേര് | ശ്രീ.മുഹമ്മദ് ഹാജി, ശ്രീ.മൊയ്തു ഹാജി, ശ്രീ.ഷംസീർ, |
| കെട്ടിടത്തിന്റെ തരം | വാണിജ്യ കെട്ടിടം, |
| പ്ലോട്ട് വിസ്തീർണ്ണം, റീ സർവ്വെ.നം. | 81/4 സെന്റ്, 71/1 |

1.വസ്തു കൈമാറ്റം പഞ്ചായത്ത് സെക്രട്ടറിയെ യഥാസമയം അറിയിച്ചില്ല.

വടകര – നാദാപുരം സംസ്ഥാന പാതയുടെ അരികിൽ 1986 ൽ നിർമ്മിച്ച കെട്ടിടത്തിന് രണ്ടാം നില പണിയുന്നതിനാണ് അപേക്ഷകർ പഞ്ചായത്തിൽ പെർമിറ്റിനായി അപേക്ഷിച്ചതും മേൽ വിവരിച്ച പ്രകാരം അനുമതി നേടിയതും. 09.11.2010 മുതൽ 08.11.2013 വരെയായിരുന്നു പെർമിറ്റിന്റെ കാലാവധി. പെർമിറ്റ് പ്രകാരമുള്ള നിർമ്മാണ അനുമതിയുടെ അളവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| G.F (exi) | 169.15 m2 |
| F.F(exi) | 231.14 m2 |
| S.F(proposed) | 231.14 m2 |
| | 631.43 m2 |

പെർമിറ്റ് അനുമതി നേടിയെങ്കിലും 28.09.2011 ന് നാദാപുരം സബ് രജിസ്റ്റർ ഓഫീസിലെ 1682 നമ്പർ ആധാരം പ്രകാരം പ്രസ്തുത ഉടമസ്ഥർ കെട്ടിടം സ്ഥലമുൾപ്പടെ ശ്രീ.അബ്ദുൽ ഹമീദ്, ഫാത്തിമ ഹജ്ജുമ്മ, മുഹമ്മദ് ഫാസിൽ എന്നീ 3 പേരുടെ പേരിൽ വിറ്റ് തീര് കൊടുത്തു. എന്നാൽ പ്രസ്തുത വസ്തു കൈമാറ്റം ഉടമസ്ഥരോ, കൈമാറികിട്ടിയ ആളും ഗ്രാമപഞ്ചായത്തിൽ അറിയിച്ചില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം. 22(1) പ്രകാരം ഏതെങ്കിലും കെട്ടിടത്തിന് വസ്തു നികുതി കൊടുക്കുവാൻ പ്രാഥമികമായി ബാദ്ധ്യസ്ഥനായ ആൾ, ആ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുമ്പോഴെല്ലാം അങ്ങനെയുള്ള ആളും, കൈമാറികിട്ടിയ ആളും, കൈമാറ്റ പ്രമാണം എഴുതി കൊടുക്കുകയോ രജിസ്റ്റർ ചെയ്യുകയോ വേണ്ടതുണ്ടെങ്കിൽ അത് രജിസ്റ്റർ ചെയ്യുന്ന സംഗതിയിലും അല്ലെങ്കിൽ, പ്രമാണം എഴുതി കൊടുക്കേണ്ടതല്ലെങ്കിൽ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന സംഗതിയിലും അങ്ങനെ കൈമാറ്റം ചെയ്യുന്നതിനു ശേഷം 3 മാസത്തിനുള്ളിൽ ആ കൈമാറ്റത്തെപ്പറ്റി സെക്രട്ടറിക്കു നോട്ടീസ് നൽകേണ്ടതാണ്.

2. പെർമിറ്റ് കാലാവധി പുതുക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.17(2) പ്രകാരം പെർമിറ്റ് സാധുത കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ, സെക്രട്ടറി ഓരോ 3 വർഷകാലം എന്ന കണക്കിന് 2 പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി കൊടുക്കും. ചട്ടം 17(11) പ്രകാരം ഒരു കെട്ടിട നിർമ്മാണ പെർമിറ്റ് അനുമതി നേടിയ ശേഷം പെർമിറ്റിന്റെ കാലാവധി നീട്ടുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ പെർമിറ്റിന്റെ യഥാർത്ഥ ഉടമ പ്ലോട്ട് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ കൈമാറികിട്ടിയ ആളോ അല്ലെങ്കിൽ നിയമാനുസൃതമുള്ള അയാളുടെ പ്രതിനിധിയോ ഒപ്പ് വച്ച് സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്ലാൻ സമർപ്പണത്തിനുശേഷം ഉടമസ്ഥർ അതുവരെ നടത്തിയ ഈ കെട്ടിടത്തിന്റെ നിർമ്മാണത്തെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ അന്വേഷണം നടത്തുകയോ അതുവരെയുള്ള കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുകയോ ചെയ്തില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 (യു) പ്രകാരം അനുവാദത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാലത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ പൂർത്തിയാക്കാത്തിടത്ത്, നിർദ്ദിഷ്ട കാലം അവസാനിക്കുന്നതിനു മുമ്പ്, സമയം നീട്ടി കിട്ടുന്നതിനുള്ള ഒരപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാലഹരണപ്പെടുന്നതാണ്. എന്നാൽ കെട്ടിട ഉടമസ്ഥർ പെർമിറ്റ് കാലാവധി നീട്ടുന്നതിന് അപേക്ഷ സമർപ്പിക്കാതെ 5 വർഷം 5 മാസത്തിനു ശേഷം 19.04.2016 നാണ് കെട്ടിട നിർമ്മാണം പൂർത്തികരിച്ചതായി അറിയിച്ചത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം. 22(5) പ്രകാരം വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് 500/- രൂപയിൽ കവിയാത്ത പിഴ ചുമത്താവുന്നതാണ്. എന്നാൽ മേൽ നടപടി സെക്രട്ടറി സ്വീകരിച്ചില്ല.

3.പെർമിറ്റ് നൽകിയ വിസ്തീർണ്ണത്തിലധികം നിർമാണം നടത്തി.

എ.2/11274/10 09.11.2010 പ്രകാരം 631.43m2 കെട്ടിടം നിർമിക്കുന്നതിനു വേണ്ടിയാണ് പെർമിറ്റ് നൽകിയത്. എന്നാൽ നിലവിൽ ഈ കെട്ടിടത്തിൽ തറനിരപ്പിലെ നിലം കൂടാതെ അനുമതിയില്ലാതെ മൂന്നാമത്തെ നില നിർമ്മാണം നടത്തിയിട്ടുണ്ട്. കൂടാതെ പെർമിറ്റിനായി നൽകിയ പ്ലാനിൽ വ്യതിചലിച്ചാണ് നിർമാണം നടത്തിയത്. പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയർ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം. 144 പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റിയില്ല. കെട്ടിട നിർമാണ ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ സമയോചിതമായ ഇടപെടലുകൾ നടത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വന്നിട്ടുള്ള വീഴ്ച കാരണമാണ് പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണ പ്രവൃത്തി നടക്കുവാനും അതുവരെയുള്ള നിർമ്മാണം റഗുലറൈസേഷൻ ചെയ്യാതിരിക്കുവാനുമുള്ള സാഹചര്യം ഉണ്ടാക്കിയത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 220 (ബി) പ്രകാരം ദേശീയ, സംസ്ഥാന പാതയോടോ, ജില്ല

റോഡുകളോടോ, ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും റോഡുകളോടോ ചേർന്ന കിടക്കുന്ന ഭൂമിയിൽ തന്റെ ഭൂമിയുടെ റോഡിനോട്ട ചേർന്ന അതിരിൽ നിന്ന് 3 മീറ്ററിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ ചുറ്റമതിലല്ലാത്ത ഏതെങ്കിലും നിർമ്മാണം നടത്തുവാൻ പാടില്ലാത്തതാണ്. (24.03.1999 മുതൽ ബാധകം). മേൽ നിയമവ്യവസ്ഥകൾ നിലനിൽക്കേയാണ് അനധികൃത നിർമ്മാണത്തെ കുറിച്ചുള്ള സെക്ഷൻ ക്ലാർക്കിന്റെ ഓഫീസ് കുറിപ്പ് പരിഗണിക്കാതെ 25.04.2016 ന് പെർമിറ്റ് പുതുക്കി നൽകുവാനും ഫീയിനത്തിൽ തുക ഈടാക്കി ഉടമസ്ഥർ സമർപ്പിച്ച അപേക്ഷയും കംപ്ലീഷൻ പ്ലാനും, ഓക്യുപെൻസി നൽകുന്നതിനായി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഫയൽ കൈമാറാൻ നിർദ്ദേശിച്ചത്.

07.05.2016 ന് പൂർത്തീകരിച്ച കെട്ടിടത്തിന് ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച സെക്രട്ടറി ഉത്തരവ് നൽകുകയും 215.28എം.2 കെട്ടിടത്തിന് 20/496 (1 മുതൽ 7 വരെ) നമ്പർ അനുവദിക്കുവാനും നിർദ്ദേശം നൽകി.

സംസ്ഥാനത്ത് കെട്ടിട നിർമ്മാണം സംബന്ധിച്ച നിയമങ്ങൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായും അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും വിവിധ ഉത്തരവുകളിലൂടെയും, സർക്കുലറിലൂടെയും സർക്കാർ നിർദ്ദേശ്ശിച്ചിരുന്നുവെങ്കിലും ആയത് പാലിക്കുവാൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലും ഇതുമായി ബന്ധപ്പെട്ട പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയതിന്റെ പ്രവർത്തനവും നിഷ്ക്രിയമാണ്.

4.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൻമേൽ നടപടികൾ പൂർത്തിയാക്കിയില്ല.

പ്രസ്തുത അനധികൃത നിർമ്മാണം നടത്തിയതിന് 24.08.2015 ന് ശ്രീ.ഹാരിസ് അങ്ങാടിക്കുനിയിൽ ചെറുമോത്ത് എന്നവർ വിവരാവകാശ നിയമം പ്രകാരം വിവരങ്ങൾ ലഭ്യമാകുന്നതിന് സെക്രട്ടറിയോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 19.09.2015 തീയ്യതിയിൽ എ.3-5063/15 നം കത്തിലൂടെ താഴെ പറയുന്ന തരത്തിൽ വിവരങ്ങൾ നൽകി.

1. xx/484 നമ്പർ കെട്ടിടത്തിന്റെ മൂന്നാം നില നിർമ്മിക്കാൻ അനുമതി നൽകിയിട്ടില്ല.
2. റിപ്പയിംഗിന് നൽകിയിട്ടില്ല
3. പി.ഡബ്ല്യൂ.ഡി. വിഭാഗത്തിൽ നിന്ന് എൻ.ഒ.സി. വാങ്ങിയിട്ടില്ല.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് പരാതി നൽകുകയും, പരാതിയിൻമേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് 04.11.2015 ന് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി എ.2-5972/15 നം. നടപടിക്രമങ്ങളിലൂടെ കെട്ടിടത്തിലെ അനധികൃത നിർമ്മാണം പൊളിച്ച നീക്കുന്നതിന് 18.11.2015 ന് താൽകാലിക ഉത്തരവും 29.12.2015 ന് സ്ഥിരീകരണ ഉത്തരവും നൽകി. എന്നാൽ ഉടമസ്ഥർ സെക്രട്ടറിയുടെ നിർദ്ദേശം പാലിക്കുകയോ, സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

5. ബഹു.ഹൈകോടതി ഉത്തരവ് നടപ്പാക്കിയില്ല.

അനധികൃത കെട്ടിട നിർമ്മാണം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 07.04.2016 ന് ശ്രീ.ജാഫർ കളംകുളത്ത് (ഹ), വാണിമേൽ (പി.ഒ). കോഴിക്കോട്.673506 എന്നവർ സെക്രട്ടറിക്ക് പരാതി നൽകിയെങ്കിലും നടപടികൾ സ്വീകരിക്കാത്തതിനാൽ ബഹു.ഹൈകോടതി മുമ്പാകെ 20.07.2016 ന് റിട്ട് പെറ്റീഷൻ സമർപ്പിച്ചു. [W.P(c)No.24289/2016] ആയതിന്റെ അടിസ്ഥാനത്തിൽ 29.07.2016 ന് ഉടമസ്ഥർ കെട്ടിടത്തിൽ അനധികൃതമായി നടത്തിയ നിർമ്മാണങ്ങൾ പൊളിച്ച കളയാൻ ഉത്തരവിട്ടു. എന്നാൽ ആയതും സെക്രട്ടറി പരിഗണിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 ലെ കേരള ഹൈവേ സംരക്ഷണ നിയമം എന്നിയിലെ വ്യവസ്ഥകൾ പാലിക്കാതെ അനധികൃതമായി കെട്ടിടം നിർമ്മിച്ച ഉടമസ്ഥരെ സംരംക്ഷിക്കുന്ന നടപടിയാണ് സെക്രട്ടറി ചെയ്തത്. അനധികൃത കെട്ടിട നിർമ്മാണത്തെക്കുറിച്ച് മേൽ വിവരിച്ച തരത്തിലുള്ള കാര്യങ്ങൾ, ബഹു.ഹൈകോടതി ഉത്തരവ്, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട്, പരാതികൾ എന്നിവ ലഭിച്ചിട്ടും കെട്ടിട ഉടമസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാതെയും, കെട്ടിടം പൊളിച്ച കളയുന്നതിന് നിർദ്ദേശം നൽകാതിരുന്നത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പ്രസ്തുത സെക്രട്ടറിക്കെതിരെ 1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് ശുപാർശ ചെയ്യുന്നതിന് ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു. അനധികൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ച മാറ്റുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിവരിച്ച നടപടക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ

കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2005 ലെ സി/5/15853/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിന വേണ്ടിയുള്ള മാതൃകബൈലാ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്ത് വി. സബീർ. പെരിങ്ങാടി എന്നവർക്ക് നൽകിയിട്ടുണ്ട്. 1996 ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 ലെ വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് പരസ്യനികുതി കരാർ എടുത്തയാളുമായി കരാർ വെച്ചിരിക്കുന്നത്.

സംസ്ഥാന പാതയ്ക്കരികിൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച അനധികൃത പരസ്യങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടതും അപകടകരമായും നിയമവിരുദ്ധമായും സ്ഥാപിച്ച പരസ്യബോർഡുകൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതുമാണ്.

## 2-11 പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകൾ, രജിസ്റ്റർ, എന്നിവ പരിശോധിച്ചപ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് അന്വേഷിച്ചപ്പോഴും 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിൽ നിർദേശിച്ച പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി.

1. വെട്ടുകാട്ടിൽ ഹോസ്പിറ്റൽ കല്ലാച്ചി
2. ലിങ്ക് ഹോമിയോപ്പതിക് ക്ലിനിക്ക് കല്ലാച്ചി
3. യൂനിറ്റി ഹോമിയോപ്പതിക് ക്ലിനിക്ക് നാദാപുരം
4. ഡെന്റൽ ക്ലിന്ക്ക് - എൻ കെ കോംപ്ലക്സ് നാദാപുരം
5. ശാന്തി ഡെന്റൽ ക്ലിനിക്ക് നാദാപുരം
6. നാദാപുരം നഴ്സിംഗ് ഹോം
7. രവി ക്ലിനിക്ക്
8. പഗൽ ചന്ദ് ക്ലിനിക്ക്

മേൽ പറഞ്ഞവയിൽ രവി ക്ലിനിക്ക് പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നിർമിച്ച കെട്ടിടത്തിലുമാണ്.

രജിസ്ട്രേഷൻ ഇല്ലാതെയും മറ്റ് നിയമങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാത്തതിന വിശദീകരണം നൽകുകയോ (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 27/29.11.2016) രവി ക്ലിനിക്ക്, പഗൽചന്ദ് ക്ലിനിക്ക് എന്നിവർ രജിസ്ട്രേഷന സമർപ്പിച്ച അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 (എ) പ്രകാരവും 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരവും രജിസ്ട്രേഷൻ ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനമോ സ്വകാരാശുപത്രിയോ നടത്തുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻ മേൽ അയ്യായിരം രൂപ വരെയാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വരെയാകുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടത്തിലും നിയമത്തിലും നിഷ്കർഷിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-12 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകൾ, രജിസ്റ്റർ, എന്നിവ പരിശോധിച്ചപ്പോളും ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് അന്വേഷിച്ചപ്പോഴും 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ നിർദേശിച്ച പ്രകാരമുള്ള

രജിസ്ട്രേഷൻ ഇല്ലാതെ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു.

1. മേഴ്സി കോളേജ്, കല്ലാച്ചി
2. ശ്രീ ദ്രോണാചാര്യ കോളേജ്, കല്ലാച്ചി
3. ഓർബിറ്റ് ട്യൂഷൻ സെന്റർ, കല്ലാച്ചി
4. ആനന്ദകൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട്, കല്ലാച്ചി

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനു (നം.25/29.11.2016) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷൻ ഇല്ലാതെ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 2-13 ലേലം, വാടക എന്നീ വരവിനങ്ങളുടെ പരിശോധന.

1. ബൈലോ തയ്യാറാക്കിയിട്ടില്ല.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ, ചട്ടം.7 പ്രകാരം പഞ്ചായത്തിന്റെ സ്വന്തമായ വസ്തുക്കൾ ബൈലോയുടെ അടിസ്ഥാനത്തിൽ ലൈസൻസിമേൽ വാടകക്കോ, പാട്ടത്തിനോ നൽകാവുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിലെ വി.എ.കെ.പോക്കർ ഹാജി ഹാൾ, കല്ലാച്ചി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, നാദാപുരം ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ മുറികൾ വാടകയ്ക്കു നൽകുന്നത് നിയമാനുസൃതമായ ബൈലോ ഇല്ലാതെയാണ്. നിയമാവലി തയ്യാറാക്കാതെ ഈടാക്കുന്ന വാടക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവക്ക് നിലവിൽ നിയമത്തിന്റെ പിൻബലമില്ല. ഇത് പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടപ്പെട്ടു പോകുന്നതിനും വഴിയൊരുക്കും. വാടകക്കാർ കുടിശ്ശിക വരുത്തുന്നതിനെതിരെ നടപടികൾ സ്വകരിക്കുവാൻ പഞ്ചായത്തിനും സാധിക്കില്ല. ആയതിനാൽ നിയമവ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കൊണ്ട് ബൈലോ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം നേടി പഞ്ചായത്ത് ആസ്ഥികൾ വാടകക്കോ പാട്ടത്തിനോ നൽകേണ്ടതാണ്.

2.കരാറുകൾ നിയമപ്രകാരമല്ല.

കരാർ നിയമാനുസൃതമാകാൻ വേണ്ടുന്ന രേഖപ്പെടുത്തലുകളോ വിവരങ്ങളോ ചേർക്കാതെയാണ് ഷോപ്പിംഗ് കോംപ്ലക്സിലെ 62 വാടകക്കാരുമായി കരാർ വെച്ചിരിക്കുന്നത്. 1996 ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 ലെ വ്യവസ്ഥകൾ, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്നിവ കരാർ വെക്കുന്ന സമയത്ത് പാലിക്കുന്നില്ല. ചില കരാറുകൾക്ക് പകരം വാടകക്കാരന്റെ പേരിലെടുത്ത കാലി മുദ്രപത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. മുൻ വർഷ കരാറിന്റെ കാലാവധി കഴിയുന്ന മുറക്ക് കരാർ പുതുക്കിയതായോ കരാറിൽ പഞ്ചായത്ത് സെക്രട്ടറി ഒപ്പു വെച്ചതായോ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതായോ കാണുന്നില്ല. പല കരാറുകളുടെയും അവസാന പേജിൽ വാടകക്കാരൻ തന്നെ ഒപ്പു വെച്ചിട്ടില്ല. വാടകക്കാരുമായി വ്യവസ്ഥകൾ പാലിക്കാതെ കരാർ ചമയ്ക്കാതെ പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയതിനു വിശദീകരണം ലഭ്യമാകേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3.ലേല പരസ്യത്തിൽ വ്യക്തതയില്ല.

ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് പിരിവ്, കംഫർട്ട് സ്റ്റേഷൻ പിരിവ്, മൽസ്യ മാർക്കറ്റ് പിരിവ് എന്നിവയുടെ ലേല പരസ്യത്തിൽ കുത്തകക്കാർ ലേല തുക എത്ര ഗഡുക്കളായാണ് അടക്കേണ്ടതെന്നോ അടവ് താമസിച്ചാലുള്ള പിഴ എത്രയാണെന്നോ അടച്ചു തീർക്കേണ്ട സമയപരിധി എത്രയാണെന്നോ തുടങ്ങിയ വിശദാംശങ്ങളോ മറ് നിബന്ധനകളോ ചേർക്കുന്നില്ല. മേൽ പറഞ്ഞവ ഉൾപ്പെടുത്തി ലേല പരസ്യം തയ്യാറാക്കേണ്ടതാണ്.

4.കരാറുകാരനു ഇളവ് നൽകി.

2014-15 വർഷം കംഫർട്ട് സ്റ്റേഷൻ വരവ് പിരിക്കാൻ 19,500/- രൂപയ്ക്ക് കരാറെടുത്ത സലീം.വി.കെ എന്നയാൾ റിപ്പയർ ഇനത്തിൽ 6,775/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും അതിനാൽ ടി തുക ലേലത്തുകയിനത്തിൽ നിന്നും കുറച്ചു നൽകാനാവശ്യപ്പെടുകയും തുക ഇളവു നൽകുകയും ചെയ്തു. എന്നാൽ ഈ ഇളവു നൽകിയതിനു അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

ലേലക്കാരനു ഇളവ് നൽകുമ്പോൾ ആവശ്യമായ പരിശോധനകൾ നടത്തി ഉറപ്പു വരുത്തേണ്ടതും 10,000/- രൂപയ്ക്ക് മേൽ ഇളവ് നൽകുമ്പോൾ സർക്കാർ അംഗീകാരം വാങ്ങിക്കേണ്ടതുമാണ്.

## 2-14 പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ച് കൊണ്ടിരുന്നവ ഉൾപ്പടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ ഗ്രമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങളിലെ ചട്ടം.3(1) പ്രകാരം സെക്രട്ടറിക്ക്, പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്.

ആയതിനാൽ നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാർ അംഗീകാരം ലഭ്യമാക്കാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയം നടത്തുന്നു.

പദ്ധതി പേര്, നം - സ്പെഷ്യൽ സ്കൂൾ നടത്തിപ്പ്, 194/16

അടങ്കൽ തുക – 2,88,894/- (വികസന ഫണ്ട്)

ചെലവ് തുക – 2,88,894/-

| ബിൽ നം, തീയ്യതി | തുക | |
|---|---|---|
| 2/15-16, 22.07.2015 | 38373 | |
| 4/15-16, 25.08.2015 | 54445 | ഭക്ഷണ ചെലവ് - 28,835 |
| 7/15-16, 31.10.2015 | 56435 | വാഹന വാടക – 1,78,570 |
| 9/15-16, 18.01.2016 | 26185 | ഓണറേറിയം (ടീച്ചർ) - 40,800 |
| 10/15-16, 18.02.2016 | 31095 | ഓണറേറിയം (ആയ) – 27,500 |
| 11/15-16, 03.03.2016 | 27880 | മറ്റ് ചെലവുകൾ - 4,669 |
| 16/15-16, 30.03.2016 | 54481 | |
| | 2,88,894 | |

ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക വിദ്യാലയം ആരംഭിച്ച് അവർക്ക് വിദ്യഭ്യാസവും ഒപ്പം തൊഴിൽ പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ നാദാപുരം ഗവ.ജി.യു.പി.സ്കൂളിൽ പ്രവർത്തനം ആരംഭിച്ചതാണ് ബഡ്സ് സ്കൂൾ. പ്രസ്തുത സ്കൂളിന്റെ നടത്തിപ്പ് ചെലവ്, ടീച്ചർ ആയ എന്നിവരുടെ ഓണറേറിയം നൽകൽ തുടങ്ങിയവയ്ക്കായി രൂപീകരിച്ച് നടത്തിയതാണ് മേൽ പദ്ധതി. എന്നാൽ പ്രസ്തുത സ്കൂളിന് സർക്കാർ നിർദേശിച്ച ഒരു ബഡ്സ് സ്കൂളിന് ആവശ്യമായ നിലവാരം പാലിക്കാതെയും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാതെയുമാണ് പ്രവർത്തിക്കുന്നത്.

1995 ലെ വികലാംഗ ജന നിയമം പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തുല്യ നീതിയും തുല്യ അവകാശവും ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസവും, തൊഴിൽ, സാമൂഹ്യ സുരക്ഷ, പുനരധിവാസം, എന്നിവ നിർബന്ധമായും

ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. തികച്ചും അനുകമ്പ അർഹിക്കുന്നതും പ്രത്യേകിച്ച് മാനസിക രോഗങ്ങൾ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ നേരിടുന്ന പ്രശ്നത്തിൽ അതിസങ്കീർണ്ണവും പ്രത്യേക ഇടപെടൽ ആവശ്യമായതിനാലാണ് പൊതു വിദ്യഭ്യാസ ശൃംഖലയിലെ സ്പെഷ്യൽ സ്കൂൾ പദ്ധതിയിൽ ഇനിയും ഉൾപ്പെട്ടിട്ടില്ലാത്ത ഭിന്നശേഷിയുള്ള കുട്ടികൾക്ക് കുടുംബശ്രീ വിഭാവനം ചെയ്ത ബഡ്സ് മാതൃകയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വികസന ഫണ്ട് ഉൾപ്പടെയുള്ള ധനസ്രോതസ്സുകൾ ഉപയുക്തമാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ അനുമതി നൽകിയത്.

29.07.2009 ലെ (എം.എസ്)നം 148/09/ത.സ്വ.ഭ.വ ഉത്തരവിലൂടെ (ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനു മുൻപ് ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയിൽ അനുഭവപ്പെടുന്ന പോരായ്മകൾ പരിഹരിച്ച് നിശ്ചിത കാലയളവിനുള്ളിൽ നിലവാരം മെച്ചപ്പെടുത്തണമെന്നും സർക്കാർ മേൽ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. താഴെ പറയുന്നവയാണ് മാർഗ്ഗരേഖയിലെ പ്രധാന നിബന്ധനകൾ.

- സ്പെഷ്യൽ സ്കൂൾ നടത്തുന്നതിന് വിദ്യഭ്യാസ വകുപ്പിന്റെയും ജില്ലാ തല് ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതിയുടെയും അംഗീകാരം വാങ്ങിയിരിക്കണം.
- തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ബഡ്സ് സ്പെഷ്യൽ സ്കൂൾ വികസന മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം.
- 25കുട്ടികളെങ്കിലും ഇല്ലാതെ സ്കൂൾ ആരംഭിക്കുവാൻ പാടില്ല.
- സ്കൂൾ കെട്ടിടത്തിൽ 5 ക്ലാസ്സ് മുറികളും, ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവക്ക് സ്ഥല സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
- കെട്ടിടം തടസ്സവിമുക്തവും അപായ വിമുക്തവും ആയിരിക്കണം.
- ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകമായി തിരിച്ച് ഏറ്റവും കുറഞ്ഞത് 4 ബാത്ത്റൂമുകൾ ഉണ്ടായിരിക്കണം. അതിൽ ഒന്ന് വീതം യൂറോപ്യൻ ക്ലോസറ്റ് ആയിരിക്കണം.
- വൃത്തിയുള്ള തീൻമേശകളും, കുടിവെള്ളം, കൈകഴുകാൻ സൗകര്യവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ഉണ്ടായിരിക്കണം.
- ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണിച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കിയിരിക്കണം.
- ഓരോ തരത്തിലുമുള്ള വൈകല്യം ബാധിച്ച കുട്ടികൾക്കും ഓരോർത്തർക്കും അനുയോജ്യമായ തരത്തിലുള്ള ഫർണിച്ചറുകൾ ലഭ്യമാക്കണം.
- അംഗീകൃത പരിശീലനം സിദ്ധിച്ച (ആർ.സി.ഐ) 3 അദ്ധ്യാപകരും, 2 ആയമാരും ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം.

(മേൽ വിവരിച്ച നിബന്ധനകൾ ഉത്തരവിലെ പ്രധാനപ്പെട്ടവ മാത്രമാണ്)

സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളോ, 1995 ലെ വികലാംഗ ജന നിയമം പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തുല്യ നീതിയും തുല്യ അവകാശവും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടികളോ സ്വീകരിക്കാതെയാണ് ഗ്രാമപഞ്ചായത്ത് ഭിന്നശേഷിയുള്ളവർക്ക് സ്പെഷ്യൽ സ്കൂൾ നടത്തുന്നത്. 01.08.2009 ലെ (എം.എസ്)നം 152/09/ത.സ്വ.ഭ.വ ഉത്തരവിലൂടെ ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമം പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചെങ്കിലും അപ്രകാരമുള്ള നടപടികളും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനം ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് തന്നെ വിപരീതമാണ്. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ (നം.5/15-16, തീയ്യതി, 23.11.2016) നിർവ്വഹണ ഉദ്യോഗസ്ഥയോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ സ്കൂൾ നിർമ്മാണം നടത്തി ആവശ്യമായ സജ്ജീകരണങ്ങളും, സന്നാഹങ്ങളും തയ്യാറാക്കേണ്ടതാണ്. സ്കൂളിന്റെ അംഗീകാരത്തിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ച്. അംഗീകാരം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പദ്ധതികൾക്കായി ചെലവഴിച്ച 2,88,894/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ ഭവന പദ്ധതികൾ നടപ്പാക്കുന്നു.

ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനും, അവരുടെ പുനരധിവാസം നടത്തുന്നതിനുമായിട്ടാണ് പത്താം പഞ്ചവൽസര പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയ ആശ്രയ പരിപാടിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചത്. [സ.ഉ.(എം.എസ്)71/2003/പ്ലാനിംഗ്, തീയ്യതി.12.11.2003, സ.ഉ(എം.എസ്)12/2010/ത.സ്വ.ഭ.വ]. 28.01.2004 ലെ 1344/എ.1/2004/പ്ലാനിംഗ് നമ്പർ സർക്കുലറിലൂടെ ആശ്രയ

പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് മറ്റ് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രക്രിയ ബാധകമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 14 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം, മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. ഖണ്ഡിക 6(9) പ്രകാരം നിലവിലുള്ള അഗതി കുടംബങ്ങൾക്ക് കുടിവെള്ളത്തിനായി പബ്ലിക്ക് സ്റ്റാന്റ്, ഉറപ്പായ കിണർ എന്നിവ നിർമ്മിച്ച് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി സ്ഥലം, ഭവനം, കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിലും മുൻവർഷങ്ങളിലും പഞ്ചായത്ത് നടപ്പാക്കിയ ഭവന പദ്ധതികളിൽ വിവധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ നടപ്പാക്കിയ ഇ.എം.എസ്.ഭവന പദ്ധതിയിലും മേൽ ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | --- | 3 |
| നാളിതുവരെ ലഭിച്ചവർ | --- | --- |
| വീട് ആവശ്യമുള്ളവർ | 4 | 14 |
| നാളിതുവരെ ലഭിച്ചവർ | --- | 1 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 6 | 19 |
| നാളിതുവരെ ലഭിച്ചവർ | 3 | 7 |
| കക്കൂസ് ആവശ്യമുള്ളവർ | --- | 10 |
| നാളിതുവരെ ലഭിച്ചവർ | --- | --- |
| കുടിവെള്ളം ആവശ്യമുള്ളവർ | 4 | 4 |
| നാളിതുവരെ ലഭിച്ചവർ | --- | --- |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നും, ദുർബലരെന്നും പഞ്ചായത്ത് അധികാരികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തിയ പ്രസ്തുത വിഭാഗക്കാരുടെ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട ഗുണഭോക്താക്കളെ ഒഴിവാക്കി ഭവന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം ജനറൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ തിരഞ്ഞെടുപ്പ് - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3എ(സി))പ്രകാരം ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി ഗുണഭോക്താക്കളെ കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളുടേതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളിൽ പഞ്ചായത്തുകൾ തന്നെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ തീരുമാനിക്കണം. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സ്പോൺസർ ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ ആ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കണം പഞ്ചായത്തുകൾ മാനദണ്ഡം നിശ്ചയിക്കേണ്ടത്. പദ്ധതിയിൻ കീഴിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പരിഗണിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുമ്പോൾ അർഹരായ ഗുണഭോക്താക്കളുടെ ഒരു ഹ്രസ്വലിസ്റ്റ് തയ്യാറാക്കുന്നതിനു പാലിക്കേണ്ട മുൻഗണന മാനദണ്ഡം രേഖാമൂലം വ്യക്തമായിത്തന്നെ പഞ്ചായത്തുകൾ പ്രസ്താവിച്ചിരിക്കേണ്ടതാണ്. പ്രൊജക്റ്റ് പ്രകാരമുള്ള സബ്സിഡി അല്ലെങ്കിൽ മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും

മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽ ഇതുസംബന്ധിച്ച് വ്യാപകമായ പ്രചാരണം നൽകേണ്ടതുണ്ട്. അതിനായി വിവിധ സ്രോതസ്സുകൾ, മാർഗ്ഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ. ഇതിനുപുറമെ പദ്ധതികളുടെ എണ്ണം, ഓരോ പദ്ധതിക്കുമുള്ള മാനദണ്ഡങ്ങൾ, തെരഞ്ഞെടുക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ എണ്ണം എന്നിവ കാണിച്ചു കൊണ്ടുള്ള നോട്ടീസ് പ്രധാന പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

പദ്ധതികൾക്കായിട്ടുള്ള അപേക്ഷാഫോറങ്ങൾ (ലളിതമായ രീതിയിലുള്ളവ) ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭ ചേരുന്നതിനുമുമ്പ് ജനങ്ങൾക്ക് വിതരണം ചെയ്യുകയും തിരികെ വാങ്ങുകയും വേണം. ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്നതിനു വേണ്ട സൌകര്യം അപേക്ഷ ഫോറത്തിൽ ഉണ്ടായിരിക്കണമെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നുണ്ട്. അപേക്ഷ ഫോറങ്ങളുടെ വിതരണത്തിന് അയൽക്കൂട്ടങ്ങൾ, അങ്കണവാടി വർക്കർമാർ എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പ്രസ്തുത അപേക്ഷകളിൽ ഗുണഭോക്താക്കൾ വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് മാർക്കടിസ്ഥാനത്തിൽ ഒരു കരട് പട്ടിക തയ്യാറാക്കി ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഇതിനായി ഒരു പ്രഫോർമ വെരിഫിക്കേഷൻ ഫോറം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും മുൻഗണനക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനു ശേഷം മൊത്തത്തിൽ മുൻഗണന ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതും, അന്തിമരൂപം നൽകി അംഗീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്.

എന്നാൽ ഓഡിറ്റ് വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, വിവിധ ഇടവേളകളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- പഞ്ചവൽസര പദ്ധതി പ്രകാരം 2012-17 കാലയളവിലേക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലാവണം ജനകീയാസൂത്രണ പദ്ധതികളുടെ പ്രവർത്തനങ്ങൾ. അഞ്ചു വർഷത്തേക്കുള്ള പദ്ധതികൾക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും, വർഷം തിരിച്ചും, മുൻഗണന അനുസരിച്ചും, മേഖല തിരിച്ചും തയ്യാറാക്കണം. ഇതിനായി വിവിധ ഘട്ടങ്ങളിലെ സമയക്രമവും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മേൽ പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാത്തതിനാൽ വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിൽ കാലതാമസങ്ങൾ വന്നു. മേൽ കാലതാമസം കാരണം പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും കാലതാമസം വരുത്തി. സമയക്രമം പാലിക്കാതെ വന്നതിനാൽ ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കാതെയും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.
- വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുന്ന രീതി കാരണം ആനുകൂല്യവിതരണം വാർഡ് അടിസ്ഥാനത്തിൽ വീതിക്കപ്പെട്ടു. (ഉദാ.കാർഷിക മേഖലയിലെ പദ്ധതികൾ, മൃഗ സംരക്ഷണ പദ്ധതികൾ)
- ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭകൾക്ക് തൊട്ടുമുമ്പുള്ള ഗ്രാമസഭയിൽ അപേക്ഷ ഫോറങ്ങളും മാനദണ്ഡങ്ങളും വിതരണം ചെയ്താണ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ ഓരോ വാർഡിലെയും മുഴുവൻ ആളുകൾക്കും പദ്ധതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.
- വാർഡു തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിൽ നിന്നും ഓരോ വാർഡിനെയും പ്രതിനിധീകരിച്ച് നിശ്ചിത എണ്ണം ഗുണഭോക്താക്കളെ തെരെഞ്ഞെടുത്താണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ലിസ്റ്റ് തയ്യാറാക്കിയത്. ഇത് മൂലം ചില വാർഡുകളിലെ ഏറ്റവും അർഹതപ്പെട്ടവർ തഴയപ്പെടുകയും മുൻഗണന മാനദണ്ഡപ്രകാരം അനർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.
- ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നാമനിർദ്ദേശം ചെയ്തു കമ്മിറ്റി രൂപീകരിച്ചില്ല. ആയതിനാൽ തന്നെ അപേക്ഷഫോറങ്ങളുടെ പരിശോധന, മാർക്കിടൽ എന്നിവയുടെ ആധികാരികതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. പരിശോധന സംവിധാനം ക്രമീകരിക്കാത്തതിനാൽ മിക്ക പദ്ധതികളിലും അനർഹർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.
- ഗ്രാമസഭയിൽ അംഗീകരിച്ച മുൻഗണന ലിസ്റ്റുകൾ കൺവീനർ, ചെയർമാൻ, കോ-ഓഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി, പരിശോധന സമിതിയംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്ത് വക ഓഡിറ്റോറിയം നിർമ്മാണം.

ഫയൽ നം. എ1.25/2012, എ.2/2350/14

പദ്ധതി പേര്, നം - നാദാപുരം ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം, 85/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക – 1,82,89,629/- (13,83,629/- തനത് ഫണ്ട്, 1,69,06,000 ബാങ്ക് ലോൺ)

നാദാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള (റീസർവേ നം.36) 74 സെന്റ് സ്ഥലത്ത് പൊതു പരിപാടികൾ, വിവാഹം, തുടങ്ങിയ ആവശ്യങ്ങൾക്ക് ഉതകുന്ന തരത്തിൽ 3 കോടി രൂപ ചെലവിൽ ഒരു കല്യാണ മണ്ഡപം/ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് 31.12.2011 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചു. [നം.176/11(15)]. ഇതിന് വേണ്ടി വരുന്ന തുക കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തു. 16.06.2012 ലെ ഭരണസമിതി യോഗത്തിൽ കെട്ടിടത്തിന്റെ ലേ ഔട്ടും സ്കെച്ചും അംഗീകരിച്ച് [നം.68/12(2)] ചീഫ് ടൌൺ പ്ലാനറുടെ അംഗീകാരത്തിനായി സമർപ്പിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ആരംഭിച്ച പ്രസ്തുത ഓഡിറ്റോറിയം സ്പിൽ ഓവർ വർക്കായി ഓഡിറ്റ് വർഷത്തിലും നടത്തിയിട്ടുണ്ട്. ഇതിനായി തൻവർഷം 1,02,83,861/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റോറിയത്തിന്റെ ഓഡിറ്റ് കാലയളവ് വരേയുള്ള നിർമ്മാണ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഡി.ഡി, ചെക്ക് നം., തീയ്യതി | തുക |
|---|---|---|
| 1 | 548791, 10.02.2015 (ഡി.ഡി) | 2,54,524 |
| 2 | 548796, 10.02.2015 (ഡി.ഡി) | 7,00,000 |
| 3 | 548798, 10.02.2015 (ഡി.ഡി) | 9,00,000 |
| 4 | 548790, 10.02.2015 (ഡി.ഡി) | 9,00,000 |
| 5 | 548799, 10.02.2015 (ഡി.ഡി) | 9,00,000 |
| 6 | 548797, 10.02.2015 (ഡി.ഡി) | 9,00,000 |
| 7 | 1457, 22.05.2015 | 54,38,624 |
| 8 | 2006478, 03.09.2015 | 48,45,237 |
| 9 | 15192, 09.05.2016 | 80,03,864 |
| | ആകെ | 2,28,42,249 |

1.ചീഫ് ടൌൺ പ്ലാനറുടെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചില്ല.

05.12.2012 ലെ 7943/2012/ഡി.ഡി.എസ്. നം നടപടിക്രമത്തിലൂടെ ചീഫ് ടൌൺ പ്ലാനർ താഴെ പറയുന്ന നിബന്ധനകളോടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി. നിബന്ധനകൾ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. (സൈറ്റ് പ്ലാൻ നം. 498/2012)

1. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചായിരിക്കണം കെട്ടിടം നിർമ്മിക്കേണ്ടത്.
2. നിർമ്മാണാനുമതി നൽകുന്നതിന് മുമ്പ് പ്ലോട്ടിലേക്കുള്ള റോഡിന് 5 മീറ്റർ വീതി ലഭ്യമാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. കെട്ടിടത്തിന്റെ പുറക് വശം (സൌത്ത് സൈഡിൽ) അതിരിൽ നിന്നും ശരാശരി 5മീറ്റർ അകലം പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. ചട്ടം 57(3) പ്രകാരമുള്ള സാനിറ്റേഷൻ സൌകര്യങ്ങൾ.
5. ചട്ടം 57(8) പ്രകാരം ആവശ്യമായ ഫയർ എൻ.ഒ.സി. ലഭ്യമാക്കേണ്ടതാണ്.
6. ചട്ടം 57(10) അഗ്നിശമന സേന സംവിധാനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
7. ചട്ടം 103 പ്രകാരം സോളാർ അസിസ്റ്റഡ് വാട്ടർ ഹീറ്റർ, ലൈറ്റിനിംഗ്.
8. ചട്ടം 104 പ്രകാരം റാമ്പ്, ടൊയ് ലറ്റ്, പാർക്കിംഗ്

എന്നാൽ മേൽ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവയായ ക്രമ നം. 1, 2, 3, 5, 6, 7 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചല്ല ഓഡിറ്റോറിയം നിർമ്മാണം നടത്തിയിട്ടുള്ളത്.

2. പ്ലാനിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചു.

73.26 സെന്റ് വിസ്തൃതിയിലുള്ള സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നത്. മേൽ സ്ഥലത്തു തന്നെയാണ് ഗ്രാമപഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്നത്. കൂടാതെ കേരള വാട്ടർ അതോറിറ്റി വക കിണർ,പമ്പ് ഹൌസ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുണ്ട്. പഞ്ചായത്ത് ഓഫീസിന്റെയും ഓഡിറ്റോറിയത്തിന്റേയും തറവിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| പഞ്ചായത്ത് ഓഫീസ് | | ഓഡിറ്റോറിയം | |
|---|---|---|---|
| G.F | 274.59 | Basement | 482.35 |
| F.F | 225.19 | G.F | 574.03 |
| S.F | 225.19 | F.F | 295.53 |
| T.F | 225.19 | | |
| | 950.16 | | 1351.91 |

പ്രസ്തുത സ്ഥലത്ത് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 അനുസരിച്ച് സമ്മേളനം, ഓഫീസ് ആവശ്യങ്ങൾ എന്നിവക്ക് ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണങ്ങൾ 'D' 'E' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് പരമാവധി അനുവദനീയമായ കവറേജ് (പ്ലോട്ട് വിസ്തീർണ്ണത്തിന്റെ) 40% ആണ്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം കണക്കാക്കിയാൽ 77% ത്തിൽ അധികരിക്കും. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്ലോട്ട് വിസ്തീർണ്ണം | 73.26 സെന്റ്, 2964.09 എം.2 |
| ആകെ തറവിസ്തീർണ്ണം | 2302.07എം.2 (950.16 + 1351.91) |
| കെട്ടിട നിർമ്മാണം നടത്തിയത് | 2302.07 / 2964.09 = 77.66% |

ആകെ പ്ലോട്ടിന്റെ അനുവദനീയമായ കവറേജ് കടന്നാണ് പഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. സമർപ്പിച്ച പ്ലാൻ പ്രകാരം 31 കാറുകൾക്ക് പാർക്കിംഗിന് സ്ഥലമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ശരിയല്ല. യഥാർത്ഥത്തിൽ പഞ്ചായത്ത് കാര്യാലയത്തിന്റെ കാർ പാർക്കിംഗ് ഏരിയ ആണ് ഓഡിറ്റോറിയത്തിന്റെ കാർ പാർക്കിംഗ് ഏരിയ ആയി രേഖപ്പെടുത്തിയിട്ടുള്ളത്. ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് 116.25എം.2 ഏരിയ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത രീതിയിൽ രേഖപ്പെടുത്തിയ സ്ഥലങ്ങൾ പൂർണ്ണമായും കണ്ടെത്താൻ ഓഡിറ്റ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഓഡിറ്റോറിയം നിർമ്മിച്ച സ്ഥലത്ത് കുടിവെള്ളത്തിനായി മുൻവർഷങ്ങളിൽ പഞ്ചായത്ത് തന്നെ നിർമ്മിച്ച കിണർ മൂടുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ പ്രസ്തുത കിണർ നിലവിലും ഉപയുക്തമാണെന്ന് കാണുവാൻ കഴിഞ്ഞു. ഉപയുക്താമായ കിണർ മൂടി മറ്റൊരു കിണർ നിർമ്മിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. കുടിവെള്ളത്തിനായി നിലവിലും ഗുണഭോക്താക്കൾ ഉപയോഗിക്കുന്ന കിണർ മൂടുന്നത് കൊണ്ട് നഷ്ടം ഗുണഭോക്താക്കൾക്കും പഞ്ചായത്തിനും മാത്രമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക.3, 235.എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 162(എ)(ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. പ്രസ്തുത നിയമ വ്യവസ്ഥകൾ ജനങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ട പ്രാദേശിക സർക്കാർ തന്നെ നിയമലംഘനം നടത്തുകയാണ് ചെയ്തിരിക്കുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്ത് തന്നെ ഓഡിറ്റോറിയം നിർമ്മിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്. ഓഡിറ്റോറിയം നിർമ്മാണത്തിന് തൻവർഷം ചെലവഴിച്ച 1,02,83,861/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 റോഡ്പ്രവൃത്തി ഭാഗികമായി ചെയ്യുന്നത് കാരണം പഞ്ചായത്തിന് നഷ്ടം വരാൻ സാധ്യത

മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധനയിൽ റോഡ് പ്രവൃത്തികൾ പൂർണ്ണമാക്കാതെ ഭാഗികമായി ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചതായി കാണുകയുണ്ടായി. സബ് ബേസ് മെറ്റലിംഗ്,മെറ്റലിംഗ്, പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് എന്നിവ ചെയ്ത് റോഡ് പൂർണ്ണമാക്കാതെ സബ് ബേസ് മെറ്റലിംഗ് മാത്രം ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ വിവരം | സബ് ബേസ് മെറ്റലിംഗ് ചെയ്ത അളവ് | ചെലവ് വിവരം |
|---|---|---|---|
| 1 | പറമ്പത്ത് മുക്ക് മലോൽകണ്ടി റോഡ്S0300/16 | 200മീറ്റർX3മീറ്റർ | ചെക്ക്നം19873/17.4.15 (151654രൂപ) |

| | | | |
|---|---|---|---|
| 2 | ചണ്ണുവെച്ചാങ്കണ്ടി ചാലിൽമുക്ക് റോഡ്S0039/16 | 100മീറ്റർX3മീറ്റർ | ചെക്ക്നം19873/17.4.15 (30000രൂപ) |
| 3 | മന്നത്താംകുന്ന്മുക്ക് കക്കോളി ത്താഴ റോഡ് S0050/16 | 150മീറ്റർX3.1മീറ്റർ | ചെക്ക്നം19873/17.4.15 (124003രൂപ) |
| 4 | പീറ്റുള്ളതിൽമുക്ക് നടുക്കണ്ടിതാ ഴെ റോഡ് S0149/16 | 313.4മീറ്റർX(4.2+2.7)/2മീറ്റർ | ബിൽനം28/24.7.15 (153319രൂപ) |
| 5 | മൂന്നോള്ളതിൽമുക്ക് അംഗൻവാടി റോഡ് S0078/16 | 100മീറ്റർX(2.8+3.1)/2മീറ്റർ | ചെക്ക്നം140791/28.12.15 (34912രൂപ) |
| 6 | മൊമിയോത്ത് മുക്ക് പുതിയോ ട്ടിൽമുക്ക് റോഡ്.S0146/16 | 168മീറ്റർX(4+3)/2മീറ്റർ | ബിൽനം 31/24.7.15 (87364രൂപ) |
| 7 | കക്കാട്ട് പാറ വാണിയൂർ റോഡ് S0048/16 | 588.5മീറ്റർX (2.50+3.2)/2മീറ്റർ | ബിൽനം50/19.8.15 (200000രൂപ) |
| 8 | പള്ളിമുക്ക് ചെറുവലത്ത് റോഡ് S0118/16 | 350മീറ്റർX2.80മീറ്റർ | ബിൽനം43/19.8.15 (2,50,000രൂപ) |
| 9 | മണ്ടോടികുന്ന് റോഡ് S0060/16 | 250മീറ്റർX3.1മീറ്റർ | ചെക്ക്നം1407909/8.10.15 (21174രൂപ) |
| 10 | നന്തോത്ത് മുക്ക് കോമത്ത് താഴെവയൽ റോഡ്S0054/16 | 225മീറ്റർX2.8മീറ്റർ | ചെക്ക്നം1407906/19.8.15(128712രൂപ) |
| 11 | മോച്ചംവീട്ടിൽതാഴെ റോഡ് S0055/16 | 350മീറ്റർX2.8മീറ്റർ | ബിൽനം62/10.9.15 (155000രൂപ) |
| 12 | നരിക്കുട്ടിൽമുക്ക് തയ്യുള്ളതിൽ റോഡ്.S0056/16 | 117മീറ്റർം2.70മീറ്റർ | ചെക്ക്നം1407922/19.3.16 (107616രൂപ) |

മേൽപ്രവൃത്തികളൊന്നും അടുത്ത വർഷം പൂർണ്ണമാക്കാൻ പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയിട്ടില്ല.സബ് ബേസ് മെറ്റലിംഗ് മാത്രം ചെയ്യത് അധികകാലം നിലനിൽക്കാത്തതിനാൽ റോഡിന് വീ ണ്ടും സബ് ബേസ് മെറ്റലിംഗ് ചെയ്യേണ്ടി വരുമെന്നതിനാൽ പഞ്ചായത്തിന് അധികച്ചെലവ് വരും.റോഡ് പൂർണ്ണമായി നിർമ്മിക്കാതെ ഭാഗികമായി ചെയ്യുന്ന രീതി ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പദ്ധതിക്ക് വകയിരുത്തിയ ഫണ്ട് വകമാറ്റുന്നതും മറ്റപാകതകളും

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹിച്ച പദ്ധതികളുടെ ചെലവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)മോച്ചാംവീട്ടിൽതാഴറോഡ് സോളിംഗ് പദ്ധതിക്ക് 1,55,000രൂപ വികസനഫണ്ടും (ജനറൽ) 5,32,000രൂപ മറ്റ് സ്ഥാപനങ്ങളിൽ/തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടായാണ് വകയിരുത്തിയത്.എന്നാൽ പദ്ധതിക്ക് തനത് ഫണ്ടിൽ നിന്ന് 4,51,704രൂപ ചെലവ്ചെയ്തതായി കാണുന്നു.

2)2014-15ലെ പദ്ധതികൾ 2015-16ൽ തുടർപദ്ധതികളായി ഉൾപ്പെടുത്തേണ്ടതിന് പകരം പുതിയ പദ്ധതിയായി ഉൾപ്പെടുത്തി കാണുന്നു.ഉദാ:മലോൽ അംഗൻവാടി റോഡ്(പ്രോജക്ട് നംS0199/15),മാലിന്യസംസ്കരണപ്ലാന്റ് റോഡ്(S0186/15)

3)2014-15ലെ തുടർപദ്ധതികളാണ് ഭൂരിഭാഗം പദ്ധതികളും.പദ്ധതികളിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളിലും ബിറ്റുമിൻ പഞ്ചായത്ത് വാങ്ങി നൽകാതെ ചില പ്രവൃത്തികളിൽ മാത്രം ബിറ്റുമിൻ വാങ്ങി നൽകിയതിന്റെ കാരണം വ്യക്തമല്ല.

## 3-7 മരാമത്ത് പ്രവൃത്തികൾ-പൊതുഅപാകതകൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചത് സംബന്ധിച്ച രേഖകൾ പരിശോ ധിച്ചതിൽ ശ്രദ്ധയിൽ പ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)സ.ഉ(സാധാ)നം.1961/2013/തസ്വഭവ.തീയതി25.7.2013, സ.ഉ(സാധാ)നം.74/2014/ തസ്വഭവ.തീയതി7.5.2014,എന്നി ഉത്തരവുകൾ പ്രകാരം 2014-15 മുതൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് CPWD/ MORTH/MORD ഡാറ്റയും സ്പെസിഫിക്കേഷനും ബാധകമാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതിനായി വിശദമായ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിരുന്നു.മരാമത്ത് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് നൽകാൻ നിർദ്ദേശിച്ചിരുന്നത്.എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ 2012ലെ പൊതുമരാമത്ത് നിരക്കുകൾ പ്രകാരമാണ് ചെയ്തത്.സർക്കാർ നിർദ്ദേ ശങ്ങൾ പാലിക്കാതെ പ്രവൃ ത്തി ചെയ്യാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2)16.11.13ലെ ജി.ഒ.(എം.എസ്)362/2013തസ്വഭവ പ്രകാരം പഞ്ചായത്തിലെ റോഡ്/റോഡിതര ആസ്തി കളുടെ സംരക്ഷണം സംബന്ധിച്ച ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന് പറയുന്നു.എന്നാൽ പഞ്ചാ യത്ത് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

3)ഓരോ തദ്ദേശസ്ഥാപനവും കണക്ടിറ്റിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും നിർബ്ബന്ധമായും തയ്യാറാക്ക ണമെന്ന് നിഷ്കർഷിക്കുന്നു.പഞ്ചായത്ത് ഇത് രണ്ടും തയ്യാറാക്കിയിട്ടില്ല.

4)ആസ്തിരജിസ്റ്റർ നാളിതുവരെ ചെയ്ത പ്രവൃത്തികളും ആർജ്ജിച്ച ഭൂമിയും ഉൾപ്പെടുത്തി കാലാനുസൃതമാക്കി യില്ല.

5)മരാമത്ത് ബില്ലുകളിൽ കരാറ്കാരിൽ നിന്നും 4%വാറ്റ് ഈടാക്കിയിട്ടുണ്ട്. എന്നാൽ കരാറ്കാരുടെ വാറ്റ് കോമ്പൗണ്ട് ചെയ്ത വിൽപ്പനനികുതി വകുപ്പിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6)പ്രവൃത്തികളുടെ എംബുക്കിൽ അളവെടുക്കുന്ന എഞ്ചിനിയറുടെയും അളവ് പരിശോധിക്കുന്ന എഞ്ചിനിയറു ടെയും പേരെഴുതുന്നില്ല.

7)എംബുക്ക് സ്റ്റോക്ക് രജിസ്റ്റർ,സാങ്കേതികാനുമതി രജിസ്റ്റർ,വർക്ക് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നി വയൊന്നും സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-8 ഡിപിസി അംഗീകരിക്കാത്ത പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കാരേക്കുന്നത്ത് തോട്ടമോമത്ത് റോഡ് പദ്ധതിക്ക്(S0127/16) 3,12,409രൂപ (ബിൽനം. 110/30.3.16-ധനകാര്യ കമ്മിഷൻ ഗ്രാന്റ്)ചെലവുള്ളതായി കാണുകയുണ്ടായി. പഞ്ചായത്തിന്റെ 2015-16ൽ അംഗീകരിച്ച പദ്ധതികളുടെ വിവരം ഉൾപ്പെടുന്ന ജില്ലആസൂത്രണസമിതിയുടെ(district planning committee)നടപടിക്രമങ്ങളുടെ പരിശോ ധനയിൽ ഇത്തരമൊരു പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലെന്ന് വ്യക്തമായി. ജി.ഒ.(എംഎസ്)362/2013 തസ്വഭവ/തീയതി 16.11.13 പ്രകാരം അംഗീകാരം ലഭിച്ച ഒരു തുടർപദ്ധതിയാണെങ്കിൽ ഭരണസമിതിയുടെ തീരുമാനത്തോടെ എന്നാൽ

നിർവ്വഹണഉദ്യോഗസ്ഥന്റെ ശുപാർശയോടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഡിപിസിയുടെ അംഗീകാരം വാങ്ങാമെന്ന് നിർദ്ദേശിക്കുന്നു.മേൽപറഞ്ഞ പദ്ധതി സ്പിൽഓവറാണെങ്കിലും ഡിപിസിയുടെ അംഗീകാരം വാങ്ങാതെയുള്ള നിർവ്വഹണം അനുവദനീയമല്ല.ജില്ലആസൂത്രണസമിതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതോ സർക്കാർ നിർദ്ദേശപ്രകാരമല്ലാത്തതോ ആയ ഒരു പുതിയ പ്രോജക്ട് ഏറ്റെടുക്കണമെ ങ്കിൽ പ്രോജക്ട് രൂപീകരണനടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിക്കുന്നു.

നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പദ്ധതിച്ചെലവ് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-9 പ്രവൃത്തിക്കല്ലാതെ കരാറ്കാർക്ക് ബിറ്റുമിൻ നൽകി

ഓഡിറ്റ് വർഷം ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററുടെ പരിശോധനയിൽ പ്രവൃത്തികൾക്കുള്ള ബിറ്റുമിൻ നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയതിന് ശേഷം 53ബാരൽ ബിറ്റുമിൻ കരാറ്കാർക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

| കരാറ്കാരൻ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അനുവദിച്ച ബിറ്റുമിൻ |
|---|---|
| സി.കെ.മുഹമ്മദ് | 6ബാരൽ |
| മൂസ.വി | 15ബാരൽ |
| തോമസ് പുല്ലാട്ട് | 4ബാരൽ |
| വി.എ.കുമാരൻ | 2ബാരൽ |
| എം.ടി.കുഞ്ഞമ്മദ് | 6ബാരൽ |
| എബ്രഹാം തോമസ് | 7ബാരൽ |
| ടി.കുഞ്ഞിരാമൻ | 12ബാരൽ |
| വി.വി.മമ്മൂട്ടി | 3ബാരൽ |
| ആകെ | 55ബാരൽ |

പ്രവൃത്തിക്കല്ലാതെ കരാറ്കാർക്ക് ബിറ്റുമിൻ നൽകാനുണ്ടായ കാരണം വ്യക്തമല്ല.55ബാരൽ ബിറ്റുമിൻ കരാറ്കാരിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.ബിറ്റുമിൻ അനുവദിച്ച നിരക്കും 20%സൂപ്പർവിഷൻ ചാർജ്ജും അല്ലെങ്കിൽ മാർക്കറ്റ് നിരക്കോ ഏതാണ് കൂടുതൽ ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തു-പഞ്ചായത്തിന് വൻനഷ്ടം

ഓഡിറ്റ് വർഷങ്ങളിൽ റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതായി കാണുന്നു.റോഡുകളെ നാഷ്നൽ ഹൈവേ,സ്റ്റേറ്റ് ഹൈവേ,മേജർ ജില്ലറോഡുകൾ,മറ്റ് ജില്ലറോഡുകൾ,ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കിയതായി ഐ.ആർ.സി.സ്പെസിഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്. സ്റ്റേറ്റ് ഹൈവേകളിൽ വളവുകളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ്സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്. കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion)ആവശ്യമായ പ്രൊവിഷൻ

ഉൾപ്പെടുത്താനം നിഷ്കർഷിക്കുന്നുണ്ട്. മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്.സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണറോഡുകളിൽ ചെയ്തിട്ടുള്ളത്.ഐ.ആർ.സി.58,ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെ സിഫിക്കേഷനുകൾ.ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല.മാത്രമല്ല ഐ.ആർ.സി. സ്പെസി ഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം.അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്.ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടില്ല.സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 305 നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്.വെള്ളക്കെട്ടുള്ള ഭാഗങ്ങളിലും വെള്ളപൊക്കമുള്ള പ്രദേശങ്ങളിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് IRC34ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹനബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് IRC:SP:62-2014ലാണ് വിവരിക്കുന്നത്.വാഹനങ്ങളുടെ എണ്ണമനുസരിച്ചാണ് ഏത് തരത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്.കോൺക്രീറ്റ് ചെയ്യുന്നതിന് മുമ്പ് സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനാണ് കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്.ക്വാറിമക്കിട്ടതിന് ശേഷം 1:2:4അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് പഞ്ചായത്തിലെ റോഡുകളിൽ നടത്തി യത്.ഇത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.(ചീഫ്എഞ്ചിനിയറുടെ 16.10.2012ലെ ഡിബി4-7462/2012തസ്വഭവനം.കത്ത്). കൂടാതെ നിർമ്മാണച്ചെലവും റോഡിന്റെ പ്രാധാന്യവും വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചാവണം കോൺ ക്രീറ്റ് പ്രവൃത്തി ചെയ്യേണ്ടതെന്നും സബ് ഗ്രേഡിന് ആവശ്യമായ ഉറപ്പ് വരുത്തിയതിന് ശേഷമേ പ്രവത്തി ചെയ്യാവൂ എന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-11 റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്.റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു.വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്.ഐആർസി സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കു കയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത്(IRC34-2011കാണുക).എന്നാൽ മണ്ണിട്ടുയർത്തി യതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല.ഗ്രാനലാർ സബ് ബേസ്(granular subbase) ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐആർസി സ്പെസി ഫിക്കേഷനിൽ പറയുന്നു.ക്വാറിമക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല.

മണ്ണിന് പകരം ക്വാറിമക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ടതിന്റെഅളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടിരുന്നെങ്കിലുള്ള ചെലവ് | അധികച്ചെലവ് |
|---|---|---|---|---|
| 1 | വിഷ്ണമംഗലംഅമ്പലം റോഡ് S0173/16.<br>എംബുക്ക്നം311/13-14.<br>ബിൽനം30/24.7.15<br>(1,78,776രൂപ) | 24.75എം3@ 937/എം3= 23190.75രൂപ | 24.75എം3@ 2881/10എം3= 7130.48രൂപ | 23190.75-7130.48 = 14260.27 |

| | | | | |
|---|---|---|---|---|
| 2 | തെരുവൻപറമ്പ് പെരുവങ്കര റോഡ് അവസാനഭാഗപുനരുദ്ധാരണം S0051/16.<br>എംബുക്ക് 215/14-15<br>ചെക്ക്നം 1407910/27.10.15 (1,84,872രൂപ) | 33.60എം3@ 937/എം3= 31483.20 രൂപ | 33.60എം3@ 2881/10എം3= 9680.16രൂപ | 31483.20-9680.16 = 21803.04രൂപ |
| 3 | കാരയിൽ കനാൽപള്ളി റോഡ്. S0160/16.<br>എംബുക്ക്നം344/13-14.<br>ബിൽനം25/24.7.15 (89588രൂപ) | 15എം3@ 937/എം3= 14055രൂപ | 15എം3@ 2881/10എം3= 4321.5രൂപ | 14055-4321.5 = 9733.5രൂപ |
| 4 | മുഖ്യാറമ്പത്ത്കിഴക്കേടത്ത്ചാലിൽറോഡ്. S0141/16.<br>എംബുക്ക്നം346/13-14.<br>ബിൽനം51/10.9.15 (87934രൂപ) | 28.320എം3@ 937/എം3= 26535.84രൂപ | 28.320എം3@ 2881/10എം3= 8158.99രൂപ | 26535.84-8158.99 = 18376.85രൂപ |
| 5 | പയന്തോങ്ങ് വില്ല്യാപള്ളി റോഡ്. S0156/16.<br>എംബുക്ക്നം350/13-14.<br>ബിൽനം1/29.6.15 (100431രൂപ) | 24.24എം3@ 937/എം3= 22712.88രൂപ | 24.24എം3@ 2881/10എം3= 6983.54രൂപ | 22712.88-6983.54 = 15729.34രൂപ |
| 6 | പൂശാരിമുക്ക് ചിയ്യൂർ റോഡ്. S0064/16.<br>എംബുക്ക്നം119/14-15.<br>ചെക്ക്നം 1407913/28.12.15 (2,12,506രൂപ) | 48എം3@ 937/എം3= 44976രൂപ | 48എം3@ 2881/10എം3= 13828.80രൂപ | 44976-13828.80 = 31147.20രൂപ |
| 7 | മുണ്ടോള്ളതിൽ മുക്ക്അംഗൻവാടിറോഡ്. S0078/16.<br>എംബുക്ക്നം121/14-15.<br>ബിൽനം27/24.7.15 (65000രൂപ) | 27എം3@ 937/എം3= 25299രൂപ | 27എം3@ 2881/10എം3= 7778.7രൂപ | 25299-7778.7 = 17520.3രൂപ |
| 8 | കക്കാട്ട്പാറ വാണിയൂർ റോഡ്. S0048/16.<br>എംബുക്ക്നം349/13-14.<br>ബിൽനം50/19.8.15 (200,000രൂപ) | 44.63എം3@ 937/എം3= 41818.31രൂപ | 44.63എം3@ 2881/10എം3= 12857.90രൂപ | 41818.31-12857.9 = 28960.41രൂപ |
| 9 | പള്ളിമുക്ക് ചെറുവലത്ത് റോഡ് S0118/16.<br>എംബുക്ക്നം214/14-15.<br>ബിൽനം43/19.8.15 (2,50,000രൂപ) | 68.60എം3@ 937/എം3= 64278.2രൂപ | 68.60എം3@ 2881/10എം3= 19763.66രൂപ | 64278.2-19763.66 = 44514.54രൂപ |
| 10 | പുതുപ്പട്ടത്ത് കാവുങ്കൽ റോഡ്. S0124/16.<br>എംബുക്ക്നം214/14-15 | 20.920എം3@ 937/എം3= 19602.04രൂപ | 20.920എം3@ 2881/10എം3= | 19602.04-6027.05 =13574.99 |

| | | | | |
|---|---|---|---|---|
| | ബിൽനം42/19.8.15 (298989രൂപ) | | 6027.05രൂപ | |
| 11 | കളങ്ങരമുക്ക് വടക്കയിൽറോഡ്. S0114/16.<br>എംബുക്ക്നം196/14-15.<br>ബിൽനം45/19.8.15 (274658രൂപ) | 33.60എം3@ 937/എം3= 31483.20രൂപ | 33.60എം3@ 2881/10എം3= 9680.16രൂപ | 31483.20-9680.16 =21803.04 |
| 12 | പൌർണ്ണമി അംഗൻവാടി റോഡ്. S0086/16.<br>എംബുക്ക്നം65/14-15.<br>ബിൽനം57/19.12.14 (70779രൂപ) | 44.961എം3@ 937/എം3= 42127.52രൂപ | 44.961എം3@ 2881/10എം3= 6983.54രൂപ | 42127.52-6983.54 = 35143.98രൂപ |
| 13 | പഷ്ണകുനിതയ്യിൽമുക്ക്റോഡ്. S0046/16.<br>എംബുക്ക്നം117/14-15.<br>ചെക്ക്നം1407906/19.8.15 (38682രൂപ) | 110.40എം3@ 937/എം3= 103444.80രൂപ | 110.40എം3@ 2881/10എം3= 31806.24രൂപ | 103444.80-31806.24 = 71638.56രൂപ |
| 14 | പുത്തലത്ത് താഴഒതയോ ത്ത്താഴ റോഡ്. S0063/16.<br>എംബുക്ക്നം123/14-15.<br>ചെക്ക്നം1407906/19.8.15 (51971രൂപ) | 81.60എം3@ 937/എം3= 76459.20രൂപ | 81.60എം3@ 2881/10എം3= 23508.96രൂപ | 76459.20-23508.96 =52950.24രൂപ |
| 15 | നന്തോത്ത് മുക്ക്കോമത്ത് താഴ റോഡ്. S0054/16.<br>എംബുക്ക്നം166/14-15.<br>ബിൽനം67/17.9.15 (43000രൂപ) | 48.560എം3@ 937/എം3= 45500.72രൂപ | 48.560എം3@ 2881/10എം3= 13990.14രൂപ | 45500.72-13990.14 = 31510.58രൂപ |
| 16 | ചെട്ടിക്കളങ്ങര നമ്പിമുക്ക് റോഡ്. S0117/16.<br>എംബുക്ക്നം207/14-15.<br>ബിൽനം60/10.9.15 (286981രൂപ) | 46.11എം3@ 937/എം3= 43205.07രൂപ | 46.11എം3@ 2881/10എം3= 13284.29രൂപ | 43205.07-13284.29 = 29920.78രൂപ |
| 11 | മോച്ചംവീട്ടിൽതാഴ റോഡ്. S0055/16.<br>എംബുക്ക്നം201/14-15.<br>ബിൽനം62/10.9.15 (155000രൂപ) | 127.650എം3@ 815/എം3= 104034.75രൂപ | 127.650എം3@ 2505/10 എം3= 31976.32രൂപ | 104034.75-31976.32 =72058.43രൂപ |
| | | | ആകെ | 5,30,646.05റൌണ്ട് ചെയ്ത്5,30,646രൂപ |

മേൽപറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് റോഡിന്റെ ഉപരിതലം ഉയർത്തിയ ഭാഗത്ത് തന്നെ ക്വാറിമ ക്കിട്ട് ഉപരിതലം ഉയർത്തുന്നത് ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്തതാണ്.മണ്ണിട്ട് ഉയർത്തുന്ന തിന് പകരം ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനവും അധികവിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ

പഞ്ചായത്തിന് നഷ്ടം വന്ന5,30,646രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥ നിൽ നിന്നും എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരി ലേക്ക് അടവാക്കേണ്ടതാണ്.

## 3-12 ഐ.ആർ.സി.സ്പെസിഫിക്കേഷനില്ലാത്ത ഇനം പ്രവൃത്തിക്ക് തുക നൽകിയത് അനുവദനീയമല്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ പാച്ച്സോളിംഗ് (patch soling)എന്ന ഇനം പ്രവൃത്തി ചെയ്യതിന് കരാറ്കാരന് തുക നൽകിയതായി കാണുന്നു.60എംഎം മെറ്റലും 36എംഎം മെറ്റലും 7:3അനുപാതത്തിൽ വിനിയോഗിച്ചുള്ള സോളിംഗ് അഥവാ സബ് ബേസ് മെറ്റലിംഗ്(subbasemetalling)ചെയ്ത റോഡിൽ 36എംഎം മെറ്റലുപയോ ഗിച്ചുള്ള മെറ്റലിംഗ് ചെയ്യതിന് ശേഷം ടാറിംഗുമാണ് WBMറോഡിന്റെ നിർമ്മാണത്തിന്റെ ഘടകങ്ങൾ.റോഡ് പുനർനിർമ്മാണം ആവശ്യമായിടത്ത് റീമെറ്റലിംഗും ബിറ്റുമിനുപയോഗിച്ചുള്ള പ്രവൃത്തികളുമാണ് ഐ.ആർ.സി.(Indian road congress)സ്പെസിഫിക്കേഷനിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.സോളിംഗും മെറ്റലിംഗും നടത്തിയ റോഡ് വാഹനഗതാഗതത്തിന് വിട്ടുകൊടുത്ത ശേഷം ഒരു മഴക്കാലത്തിന് ശേഷമാണ് ബിറ്റുമിൻ പ്രവൃത്തി ചെയ്യേണ്ടത് (ചീഫ് എഞ്ചിനിയറുടെ ടെക്നിക്കൽ സർക്കുലർ നം.2/94തീയതി9.2.94കാണുക)എന്നാൽ ചീഫ് എഞ്ചിനിയറുടെ നിർദ്ദേശം പാലിക്കാതെ സബ് ബേസ് മെറ്റലിംഗും ബേസ് മെറ്റലിംഗും ഒരുമിച്ച് ചെയ്യാതെ സബ് ബേസ് മെറ്റലിംഗ് മാത്രം ചെയ്യുന്നതാണ് റോഡ് നിലനിൽക്കാത്തതിന് കാരണം.ചീഫ് എഞ്ചിനിയറുടെ നിർദ്ദേശം പാലിക്കാതെയും ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്തതുമായ പ്രവൃത്തി ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.പാച്ച് സോളിംഗ് ചെയ്യതിന് സംരക്ഷണഗ്രാന്റിൽ നിന്ന് തുക നൽകിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | ചെലവ് വിവരം | പാച്ച്സോളിംഗ്പ്രവൃത്തിയുടെ അളവും സംഭ രിച്ച മെറ്റലും | നിരക്കും നൽകിയ തുകയും | |
|---|---|---|---|---|---|
| 1. | ചേലക്കാട് കള ങ്ങരത്ത് റോഡ് S0157/16. എംബുക്ക്75/14-15. | ചെക്ക്നം 1407908/19.8.15<br>107096രൂപ<br>(തനത്ഫണ്ട്) | 1)7:3അനുപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-6.75ഘനമീറ്റർ<br>2)റീസോളിംഗ്-139.5ചതുര ശ്രമീറ്റർ | 1)6.75@1314/ഘനമീറ്റർ= 8269.50രൂപ<br>2)139.5ചതുരശ്രമീറ്റർ@ 677/10ചതുരശ്രമീറ്റർ= 9444.50രൂപ | 17714രൂപ |
| 2. | മുള്ളൻകാട്ടിൽ നിടിയപറമ്പത്ത്റോഡ് S0148/16. എംബുക്ക് 66/14-15. | ബിൽനം11/24.7.15<br>52278രൂപ<br>(സംരക്ഷണഗ്രാന്റ്റോഡ്) | 1)7:3അനുപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-7.75ഘനമീറ്റർ<br>2)റീസോളിംഗ്-155ചതുര ശ്രമീറ്റർ | 1)7.75@1314/ഘനമീറ്റർ= 10183രൂപ<br>2)139.5ചതുരശ്രമീറ്റർ@ 677/10ചതുരശ്രമീറ്റർ= 10493.50രൂപ | 20676.50രൂപ |
| 3. | വലിയപറമ്പത്ത് പുലവീട്ടിൽ താഴറോഡ് S0155/16. എംബുക്ക് 160/14-15. | ബിൽനം22/24.7.15<br>85978രൂപ<br>(ഫിനാൻസ് കമ്മീഷൻഗ്രാന്റ്) | 1)7:3അനുപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-12.123ഘനമീറ്റർ<br>2)റീസോളിംഗ്-121.200ചതുര ശ്രമീറ്റർ | 1)12.123@1314/ഘനമീറ്റർ= 15925.68രൂപ<br>2)121.200ചതുരശ്രമീറ്റർ@ 842/10ചതുരശ്രമീറ്റർ= 10205.04രൂപ | 26130.72രൂപ |
| 4. | കണങ്ങീരികണ്ടിപരോത്ത് പുഴറോഡ് S0064/16. എംബുക്ക്151/14-15. | ചെക്ക്നം1407906/19.8.15<br>78480രൂപ<br>(തനത് ഫണ്ട്) | 1)7:3അനുപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-25.14ഘനമീറ്റർ<br>2)റീസോളിംഗ്-251.40ചതുരശ്രമീറ്റർ | 1)25.14@1314/ഘനമീറ്റർ= 33033.96രൂപ<br>2)251.40ചതുരശ്രമീറ്റർ@ 842/10ചതുരശ്രമീറ്റർ= 21,167.88രൂപ | 54,201.84രൂപ |
| 5 | എളന്താങ്കണ്ടി മദ്രസറോഡ് S0139/16. എംബുക്ക്143/14-15. | ബിൽനം57/10.9.15<br>98602രൂപ<br>((ഫിനാൻസ് കമ്മീഷൻഗ്രാന്റ്) | 1)7:3അനുപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-6.60ഘനമീറ്റർ<br>2)റീസോളിംഗ്-66ചതുരശ്രമീറ്റർ | 1)6.60@1314/ഘനമീറ്റർ= 8672.40രൂപ<br>2)66ചതുരശ്രമീറ്റർ@ 842/10ചതുരശ്രമീറ്റർ=5557.20രൂപ | 14229.60രൂപ |
| 6 | ചള്ളയിൽമുക്ക്പാലേപുതിയോട്ടിൽറോഡ് S066/16. എംബുക്ക്125/14-15. | ബിൽനം113/31.3.16<br>1,39,823രൂപ<br>((ഫിനാൻസ് കമ്മീഷൻഗ്രാന്റ്) | 1)7:3അനുപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-5.25ഘനമീറ്റർ | 1)5.25@1314/ഘനമീറ്റർ= 6598.50രൂപ<br>2)105ചതുരശ്രമീറ്റർ@ 677/10ചതുരശ്രമീറ്റർ=7108.50രൂപ | 13707രൂപ |

| | | | | | |
|---|---|---|---|---|---|
| | | | 2)റീസോളിംഗ്-<br>105ചതുരശ്രമീറ്റർ | | |
| 7 | കച്ചേരിമുക്ക്പാലോളിതാഴറോഡ് S0159/16. എംബുക്ക്158/14-15. | ബിൽനം41/9.8.15<br>80817രൂപ<br>((ഫിനാൻസ് കമ്മിഷൻഗ്രാന്റ്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-19.59ഘനമീറ്റർ<br>2)റീസോളിംഗ്-195.90ചതുരശ്രമീറ്റർ | 1)19.59@1314/ഘനമീറ്റർ= 25741.26രൂപ<br>2)195.90ചതുരശ്രമീറ്റർ@842/10ചതുര ശ്രമീറ്റർ= 16494.78രൂപ | 42236.04രൂപ |
| 8 | തട്ടാൻകുന്ന്റോഡ് S0152/16. എംബുക്ക്113/14-15. | ബിൽനം33/29.7.15<br>1,88,436രൂപ<br>(സംരക്ഷണഗ്രാന്റ്റോഡ്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-34.48ഘനമീറ്റർ<br>2)റീസോളിംഗ്-344.8ചതുരശ്രമീറ്റർ | 1)34.48@1314/ഘനമീറ്റർ= 45306.72രൂപ<br>2)344.80ചതുരശ്രമീറ്റർ@842/10ചതുര ശ്രമീറ്റർ= 29032.16രൂപ | 74068.88രൂപ |
| 9 | വിരിത്തികുളങ്ങരറോഡ് S0093/16. എംബുക്ക്33/06-07 | ബിൽനം93/17.2.16<br>3,55,903രൂപ<br>(സംരക്ഷണഗ്രാന്റ്റോഡ്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-16.95ഘനമീറ്റർ<br>2)റീസോളിംഗ്-169.50ചതുരശ്രമീറ്റർ | 1)16.95@1314/ഘനമീറ്റർ= 22272.30രൂപ<br>2)169.50ചതുരശ്രമീറ്റർ@842/10ചതുര ശ്രമീറ്റർ= 14271.90രൂപ | 36544.20രൂപ |
| 10 | കിണമ്പ്രമ്മേൽമുക്ക് പുഴറോഡ് S0041/16. എംബുക്ക്2/07-08 | ചെക്ക്നം1407922/5.3.16<br>2573രൂപ<br>(തനത് ഫണ്ട്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-6.45ഘനമീറ്റർ<br>2)റീസോളിംഗ്-128.50ചതുരശ്രമീറ്റർ | 1)6.45@1314/ഘനമീറ്റർ= 8475.30രൂപ<br>2)128.50ചതുരശ്രമീറ്റർ@677/10ചതുര ശ്രമീറ്റർ= 8699.45രൂപ | 17174.75രൂപ |
| 11 | കാടേന്റവിടപാറോള്ളമലമാലിൽമുക്ക്റോഡ് S0067/16. എംബുക്ക്140/14-15 | ബിൽനം65/19.9.15<br>175054രൂപ<br>(സംരക്ഷണഗ്രാന്റ്റോഡ്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-13.90ഘനമീറ്റർ<br>2)റീസോളിംഗ്-139ചതുരശ്രമീറ്റർ | 1)13.90@1314/ഘനമീറ്റർ=18264.60രൂപ<br>2)139ചതുരശ്രമീറ്റർ@842/10ചതുര ശ്രമീറ്റർ= 11703.5രൂപ | 29968.10രൂപ |
| 12 | പാലക്കോട്ട്മുക്ക്ഉണ്ടിൽതാഴറോഡ് S0040/16. എംബുക്ക്135/14-15 | ബിൽനം77/17.10.15<br>160054രൂപ<br>(സംരക്ഷണഗ്രാന്റ്റോഡ്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-14.25ഘനമീറ്റർ<br>2)റീസോളിംഗ്-285ചതുരശ്രമീറ്റർ | 1)14.25@1314/ഘനമീറ്റർ=18724രൂപ<br>2)285ചതുരശ്രമീറ്റർ@677/10ചതുര ശ്രമീറ്റർ= 19294.5രൂപ | 38018.5രൂപ |
| 13 | തയ്യുള്ളതിൽമുക്ക്മാത്തോട്ട ത്തിൽതാഴറോഡ് S0042/16. എംബുക്ക്134/14-15 | ചെക്ക്നം140796/19.8.15<br>1,48,122രൂപ<br>(തനത്ഫണ്ട്) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-9.84ഘനമീറ്റർ<br>2)റീസോളിംഗ്-98.40ചതുരശ്രമീറ്റർ | 1)9.84@1314/ഘനമീറ്റർ=12929.76രൂപ<br>2)98.40ചതുരശ്രമീറ്റർ@842/10ചതുരശ്ര മീറ്റർ= 8285.28രൂപ | 21215.04രൂപ |
| 14 | മുവഞ്ചേരിപാലോറത്താഴകനിറോഡ് S0132/16. എംബുക്ക്203/14-15 | ബിൽനം55/10.9.15<br>446981രൂപ<br>(ലോകബാങ്ക് ധനസഹായം) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-8.80ഘനമീറ്റർ<br>2)റീസോളിംഗ്-88ചതുരശ്രമീറ്റർ | 1)8.80@1314/ഘനമീറ്റർ=11563.20രൂപ<br>2)88ചതുരശ്രമീറ്റർ@842/10ചതുരശ്ര മീറ്റർ= 7409.60രൂപ | 18972.8രൂപ |
| 15 | ഏരത്ത്മുക്ക് ഏറിപ്പൊയിൽറോഡ് S0128/16. എംബുക്ക്205/14-15 | ബിൽനം56/19.9.15<br>2,266,92രൂപ<br>(ലോകബാങ്ക് ധനസഹായം) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-7.90ഘനമീറ്റർ<br>2)റീസോളിംഗ്-79ചതുരശ്രമീറ്റർ | 1)7.90@1314/ഘനമീറ്റർ=10380.60രൂപ<br>2)88ചതുരശ്രമീറ്റർ@842/10ചതുരശ്ര മീറ്റർ= 6651.50രൂപ | 17032.1രൂപ |
| 16 | മലോഞ്ചാൽ മാടാലസ്കൂൾറോഡ് S0130/16. എംബുക്ക്102/15-16 | ബിൽനം91/31.12.15<br>2,13,086രൂപ<br>(ലോകബാങ്ക് ധനസഹായം) | 1)7:3അനപാതത്തിൽ സംഭരിച്ച ഗ്രേഡ്2 മെറ്റലിന്റെഅളവ്-10.35ഘനമീറ്റർ<br>2)റീസോളിംഗ്- | 1)10.35@1314/ഘനമീറ്റർ=13599.90രൂപ<br>2)103.5ചതുരശ്രമീറ്റർ@842/10ചതുരശ്ര മീറ്റർ= 8714.70രൂപ | 22314.6രൂപ |

| | | | | | |
|---|---|---|---|---|---|
| | | | 103.5ചതുരശ്രമീറ്റർ | | |
| | | | | ആകെ | 4,64,204.67റൌണ്ട് ചെയ്ത് 464205 രൂപ |

ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനത്തിന് ചെലവഴിച്ച 4,64,205 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി സഞ്ചിതനിധിയിൽ അടയ്ക്കേണ്ടതാണ്.

## 3-13 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവ് പരിശോധനയിൽ പ്രവൃത്തികളിൽ മണ്ണ് കുഴിച്ചെടുക്കുന്ന ഇനവും (earthwork excavation)മണ്ണ് ഫില്ലിംഗ് ഇനവും ഉള്ളപ്പോൾ കുഴിച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമായിട്ടും ഫില്ലിംഗിന് ഉപയോഗിച്ചില്ലെന്ന് കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ വിവരം | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | മണ്ണ് ഫില്ലിംഗിന്റെ അളവും നൽകിയ നിരക്കും | കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തത് കാരണമുള്ള നഷ്ടം |
|---|---|---|---|---|
| 1 | മുവ്വാഞ്ചേരി റോഡ്<br>S0061/16.എംബുക്ക് നം141/14-15<br>എഗ്രിമെന്റ് നം 86/2.2.15<br>ബിൽ നം 63/17.9.15<br>3,43,660രൂപ (MG(R)) | 52ഘനമീറ്റർ | 126.75ഘനമീറ്റർ@ 2881/10ഘനമീറ്റർ= 36516.67രൂപ | 52x2881/10ഘനമീറ്റർ= 14981.20രൂപ |
| 2 | ജിയുപിഎസ് പാത്തുങ്കര റോഡ് പരിഷ്കരണംS0162/16എംബുക്ക് നം 163/14-15<br>137/14-15<br>എഗ്രിമെന്റ് നം 83/22.1.15<br>ബിൽ നം 72/17.9.15(237656രൂപ)MG(R) | 27ഘനമീറ്റർ | 55.12ഘനമീറ്റർ@ 2881/10ഘനമീറ്റർ= 15880രൂപ | 27x2881/10ഘനമീറ്റർ= 7778.70രൂപ |
| | | | ആകെ | 22759.90റൌണ്ട് ചെയ്ത് 22760രൂപ |

പഞ്ചായത്തിന് നഷ്ടമായ 22760രൂപ പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നും അളവ് പരിശോധിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-14 ആവശ്യകതയിലും കുറവ് ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ റോഡ് പ്രവൃത്തികളുടെ ചെലവ് പരിശോധനയിൽ ആവശ്യകതയിലും കുറവ് ബിറ്റുമിൻ അനുവദിച്ച പ്രവൃത്തികൾ കാണുകയുണ്ടായി. ആവശ്യ മായതിലും കുറവ് ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഗുണമേന്മ ഇല്ലാതിരിക്കുകയും കാലക്രമേണ അധി കച്ചെലവ് ഉണ്ടാവുകയും ചെയ്യും.ആയതിനാൽ ആവശ്യമായതിലും കുറവ് ബിറ്റുമിൻ വിനിയോഗിച്ച് ചെയ്തതാ യി കാണിച്ച പ്രവൃത്തികളുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ വിവരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അനുവദിച്ച ബിറ്റുമിൻ | ബിറ്റുമിൻ വിനിയോഗിച്ച് ചെയ്തതായി കാണിച്ച പ്രവൃത്തി | ബിറ്റുമിന്റെ ആവശ്യകത | അധികം ചെയ്തതായി കാണിച്ച പ്രവൃത്തി | അംഗീകരിക്കാത്ത പ്രവൃത്തിയുടെ ചെലവ് |
|---|---|---|---|---|---|---|
| 1 | ചെട്ടിക്കുളങ്ങരചാലിൽസ്രാമ്പിറോഡ്<br>S0163/16<br>എംബുക്ക്345/13-14. കരാറ്കാരൻ:<br>തോമസ് പുല്ലാ ട്ട്.ബിൽനം<br>60/10.9.2015<br>286981രൂപ (ലോകബാങ്ക് ധനസഹായം) | 2931.99കിലോഗ്രാം | 1)36എംഎംമെറ്റലുപയോഗിച്ചുള്ള പോട്ട് ഹോൾ ഫില്ലിംഗ്-6.60$m^3$<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-693.20$m^2$<br>3)റീടാറിംഗ്-334.73$m^2$ | 1)1$m^3$പോട്ട് ഹോൾ ഫില്ലിംഗിന് 27.5 കിലോഗ്രാം നിരക്കിൽ 6.60$m^3$ ന് (6.60x27.50)= 181.5കിലോഗ്രാം<br>2)10$m^2$പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 29.1കിലോഗ്രാം നിര ക്കിൽ693.20$m^2$ന് (693.20x29.1/10)= 2017.21കിലോഗ്രാം<br>3)10$m^2$റീടാറിംഗിന് 26.6കിലോഗ്രാം നിര ക്കിൽ334.73$m^2$ന്(334.73x26.6/10)= 890.38കിലോഗ്രാം.<br>ആകെ=3089.09കിലോഗ്രാം | 3089.09-2931.99= 157.1കിലോഗ്രാം. 157.1 കിലോഗ്രാം വിനിയോഗിച്ച് ചെയ്തതായി കാണിച്ച റീടാറിംഗ് പ്രവത്തി-157.1/2.66=59.06$m^2$ @ 1882/10$m^2$ =11115.09രൂപ. ഇതിന് സംഭരിച്ച 6mm മെറ്റൽ ( 59.06x.009) = 0.53$m^3$ @2597/$m^3$<br>=1376.41രൂപ. ഇതിന് സംഭരിച്ച 12mm മെറ്റൽ<br>(59.06x.027)= 1.6092$m^3$ @2937/$m^3$ =4964.12രൂപ | 11115.09+ 1376.41+ 4964.12= 17455.62രൂപ |
| 2 | എള്ളിൽതാഴറോഡ്<br>S0142/16<br>എംബുക്ക്146/14-15 കരാറ്കാരൻ:<br>തോമസ് പുല്ലാ ട്ട്.ബിൽനം<br>40/7.8.2015<br>56990രൂപ (MG(R) | 960.3കിലോഗ്രാം | പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-381.30$m^2$ | 1)10$m^2$പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 29.1കിലോഗ്രാം നിര ക്കിൽ381.30$m^2$ന് (381.30x29.1/10)= 1109.58കിലോഗ്രാം | 1109.58-960.3= 149.28കിലോഗ്രാം. 149.28കിലോഗ്രാം വിനിയോഗിച്ച് ചെയ്തതായി കാണിച്ച പ്രീമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ് പ്രവൃത്തി-149.2/2.91=51.27$m^2$ @ 2001/10$m^2$ =10259.13രൂപ. ഇതിന് സംഭരിച്ച 6mm മെറ്റൽ ( 51.27x.009) = 0.46$m^3$ @2597/$m^3$<br>=1194.62രൂപ. ഇതിന് സംഭരിച്ച 12mm മെറ്റൽ<br>(51.27x.027)= 1.384$m^3$ @2937/$m^3$ =4064.81രൂപ | 10259.13+ 1194.62+ 4064.81= 15518.56രൂപ |
| 3 | ഗവ.യു.പി.സ്കൂ ൾ പാത്തുങ്കര റോഡ് പരിഷ്ക്ക രണം<br>S0162/16<br>എംബുക്ക്163/14-15 കരാറ്കാരൻ:<br>വി.മൂസ ബിൽനം<br>72/17.9.2015<br>237656രൂപ (MG(R)) | 5489.5കിലോഗ്രാം | 1)36എംഎംമെറ്റലുപയോഗിച്ചുള്ള പോട്ട് ഹോൾ ഫില്ലിംഗ്-31.50$m^3$<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-150$m^2$<br>3)റീടാറിംഗ്-1685$m^2$ | 1)1$m^3$പോട്ട് ഹോൾ ഫില്ലിംഗിന് 27.5 കിലോഗ്രാം നിര ക്കിൽ 31.50$m^3$ ന് (31.50x27.50)= 866.25കിലോഗ്രാം<br>2)10$m^2$പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 29.1കിലോഗ്രാം നിര ക്കിൽ150$m^2$ന് (150x29.1/10)= 436.5കിലോഗ്രാം<br>3)10$m^2$റീടാറിംഗിന് 26.6കിലോഗ്രാം നിര ക്കിൽ1685$m^2$ന് (1685x26.6/10)= 4482.1കിലോഗ്രാം.<br>ആകെ=5784.85കിലോഗ്രാം | 5784.85-5489.5= 295.35കിലോഗ്രാം. 295.35കിലോഗ്രാം വിനിയോഗിച്ച് ചെയ്തതായി കാണിച്ച റീടാറിംഗ് പ്രവത്തി-295.35/2.66=111.03$m^2$ @ 1882/10$m^2$ =20895.85രൂപ. ഇതിന് സംഭരിച്ച 6mm മെറ്റൽ ( 295.35x.009) = 2.658$m^3$ @2597/$m^3$<br>=6902.83രൂപ. ഇതിന് സംഭരിച്ച 12mm മെറ്റൽ<br>(295.35x.027)= 7.974$m^3$ @2937/$m^3$ =23419.64രൂപ | 20895.85+ 6902.83 23419.64+ = 51218.32രൂപ |

| | | | | | | |
|---|---|---|---|---|---|---|
| 4 | പേരോട്മഞ്ചേ രിക്കടവ് റോ ഡ് പുനരുദ്ധാ രണം<br>S0147/16<br>എംബുക്ക്139/14-15 കരാറ്കാരൻ:<br>വി.മൂസ ബിൽനം<br>2/29.6.2015<br>425327രൂപ (ഫിനാൻസ് കമ്മിഷൻ അവാർഡ്) | 7625കിലോഗ്രാം | 1)36എംഎംമെറ്റലുപയോഗിച്ചുള്ള പോട്ട് ഹോൾ ഫില്ലിംഗ്-42.56$m^3$<br>2)36എംഎംമെറ്റലുപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിംഗ് കോഴ്സ്-22.5$m^3$<br>3)റീടാറിംഗ്-2331.78$m^2$ | 1)1$m^3$പോട്ട് ഹോൾ ഫില്ലിംഗിന് 27.5 കിലോ ഗ്രാം നിരക്കിൽ 42.56$m^3$ ന് (42.56x27.50)= 1170.4കിലോഗ്രാം<br>2)1$m^3$ബിറ്റുമിൻ ലെവലിംഗ് കോഴ്സിന് 20കിലോഗ്രാം നിര ക്കിൽ22.50$m^3$ന് (22.50x20)= 450കിലോഗ്രാം<br>3)10$m^2$റീടാറിംഗിന് 26.6കിലോഗ്രാം നിര ക്കിൽ2331.78$m^2$ന് (2331.78x26.6/10)= 6202.53കിലോഗ്രാം. ആകെ=7822.93കിലോഗ്രാം | 7822.93-7625= 197.93കിലോഗ്രാം. 197.93കിലോഗ്രാം വിനിയോഗിച്ച് ചെയ്തതായി കാണിച്ച റീടാറിംഗ് പ്രവത്തി- 197.93/2.66= 74.41$m^2$ @ 1882/10$m^2$ =14003.96രൂപ. ഇതിന് സംഭരിച്ച 6mm മെറ്റൽ ( 197.93x.009) = 1.781$m^3$ @2597/$m^3$<br>=4625.26രൂപ. ഇതിന് സംഭരിച്ച 12mm മെറ്റൽ<br>(197.93x.027)= 5.344$m^3$ @2937/$m^3$ =15695.33രൂപ | 14003.96+ 4625.26+ 15695.33= 34324.55രൂപ |
| 5 | കൊയിലോത്ത് കണ്ടി യിൽറോഡ്<br>S0172/16<br>എംബുക്ക്313/13-14 കരാറ്കാരൻ:<br>വി.മൂസ ബിൽനം<br>112/30.3.16<br>15753രൂപ (ഫിനാൻസ്കമ്മിഷൻ ഗ്രാന്റ്) | 864കിലോഗ്രാം | പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-453.60$m^2$ | 1)10$m^2$പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റിന് 29.1കിലോഗ്രാം നിര ക്കിൽ453.60$m^2$ന് (453.60x29.1/10)= 1319.98കിലോഗ്രാം | 1319.98-864= 455.98കിലോഗ്രാം. 455.98കിലോഗ്രാം വിനിയോഗിച്ച് ചെയ്തതായി കാണിച്ച പ്രീമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ് പ്രവൃത്തി- 455.98/2.91= 156.69$m^2$ @ 2001/10$m^2$ =31353.67രൂപ. ഇതിന് സംഭരിച്ച 6mm മെറ്റൽ ( 156.69x.009) = 1.41$m^3$ @2597/$m^3$<br>=3661.77രൂപ. ഇതിന് സംഭരിച്ച 12mm മെറ്റൽ<br>(156.69x.027)= 4.231$m^3$ @2937/$m^3$ =12426.45രൂപ | 31353.67+ 3661.77+ 12426.45= 47441.89രൂപ |
| | | | | | ആകെ | 165958.94റൌണ്ട് ചെയ്ത്165959രൂപ |

റോഡ്പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ ഇല്ലാതെ ചെയ്തതായി കാണിച്ച പ്രവൃത്തിക്ക് ചെലവായ 1,65,958രൂപ പ്രവൃത്തിയുടെ അളവെടുത്തതും അളവ് പരിശോധിച്ചതുമായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-15 കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് കേരളവാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്-അപാകതകൾ

ഓഡിറ്റ് വർഷം മൂന്ന് പദ്ധതികളിലായി 29,90,000രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതി | നിക്ഷേപിച്ച തുക | ചെലവ് വിവരം |
|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ S0220/16 | 5,18,434 | റോഡിതരസംരക്ഷണഗ്രാന്റ് (ബിൽ നം.52/14.9.15) |
| | | 23,751 | വികസനഫണ്ട് ജനറൽ (ബിൽനം.75/17.10.15) |
| | | 9,71,448 | വികസനഫണ്ട് ജനറൽ (ബിൽ നം.52/14.9.15) |

| | | | |
|---|---|---|---|
| | | 2,66,367 | വികസനഫണ്ട് ജനറൽ (ബിൽ നം.52/14.9.15) |
| 2 | വിവിധ അംഗൻവാടികൾക്ക് കടിവെള്ള പൈപ് സ്ഥാപിക്കൽ S0077/16 | 7,66,434 | റോഡിതരസംരക്ഷണഗ്രാന്റ് (ബിൽ നം.98/21.3.16) |
| | | 1,03,566 | തനത് ഫണ്ട് (ഡിഡിനം.15358/6.6.16) |
| 3 | ചരളിൽ ലക്ഷം വീട് കോളനിയിലേക്കുള്ള കടിവെള്ളപൈപ് ലൈൻ നീട്ടൽ S0201/16 | 1,70,000 | റോഡിതരസംരക്ഷണഗ്രാന്റ് (ബിൽ നം.34/29.7.15) |
| | | 1,70,000 | തനത്ഫണ്ട് (ഡിഡിനം.177625/4.8.15) |
| | ആകെ | 29,90,000 | |

പദ്ധതിനിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) 29,90,000രൂപ നിക്ഷേപിച്ചതിൽ 14,54,868രൂപ റോഡിതരസംരക്ഷണഗ്രാന്റാണ്. പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾക്കും സംരക്ഷണത്തിനും വിനിയോഗിക്കേണ്ട റോഡിതര സംരക്ഷണഗ്രാന്റ് വകമാറ്റി ചെലവ് ചെയ്തത് സർക്കാർ ഉത്തരവുകൾക്ക് (സ.ഉ.(കൈ)362/ 2013/തസ്വഭവ /തീയതി16.11.2013കാണുക)വിരുദ്ധമാകയാൽ അനുവദനീയമല്ല.14,54,868രൂപ സർക്കാരിലേക്ക് തിരിച്ചട ക്കേണ്ടതാണ്.

2) കേരള വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞെങ്കിലും 29,90,000രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തത് നിർവ്വഹണഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.വിവരം ലഭ്യമാക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല.

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. നമ്പർ 11.9.(എ.ബി.സി.ഡി.) പ്രകാരം തദ്ദേശഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപങ്ങൾ ഉൾകൊള്ളുന്ന നിയോജക മണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ എം.പി.യുടെ വികസന ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് തുടങ്ങിയവ വിനിയോഗിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിക്കുന്നത് പദ്ധതി രൂപീകരണമില്ലാതെയാണ്. പ്രസ്തുത രീതിയിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | തുക | വൌച്ചർ നം, തീയ്യതി |
|---|---|---|---|
| തുണ്ടിയിൽമുക്ക് - നോർത്ത് എൽ.പി.സ്കൂൾ നടപ്പാത | ശ്രീ.ഹൈദ്രോസ് | 3,16,618 | 21600203, |

| | | | |
|---|---|---|---|
| | തങ്ങൾ | | 13.06.2015 |
| കൊടിയൽക്കോത്ത് - മാണിക്കോത്ത് താഴ റോഡ് നിർമ്മാണം | ശ്രീ.അഷറഫ് | 3,70,653 | 21500368, 17.07.2015 |
| ഒമ്പത് കണ്ടം - മദ്രസ്സ റോഡ് സോളിംഗ് | ശ്രീ.കുഞ്ഞബ്ദുള്ള ഹാജി | 2,40,725 | 21501274, 31.03.2016 |

1994 ലെ കേരള പഞ്ചാത്ത് രാജ് നിയമം 3എ(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശ്ശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശ്ശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭയുടെ അധികാരങ്ങളിലും, ചുമതലകളിലും, അവകാശങ്ങളിലും പെടുന്നവയാണ്. എന്നാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യാപ്പെടാതെയാണ് മേൽ വിവരിച്ച തരത്തിലുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നത്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 ഹൈമാസ്റ്റ് സോളാർ തെരുവ് വിളക്ക് വാങ്ങിയതിലെ അപാകതകൾ.

പ്രൊജക്ട് പേര്, നമ്പർ - പട്ടിക ജാതി സങ്കേതങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 288/16

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക – 5,10,985/- (5,10,985/-വികസന ഫണ്ട്, എസ്.സി.പി + 15/- തനത് ഫണ്ട്)

ചെലവ് തുക – 4,47,320/- (ബിൽ നം.11/15-16, തീയ്യതി. 11.03.2016)

ഡി.ഡി.നം.654041, 31.03.2016

ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികജാതി കോളനികളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച് പശ്ചാത്തല സൌകര്യം ഒരുക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. 10.02.2016 ലെ വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 32/15-16, 3.17 നമ്പർ തീരുമാന പ്രകാരം 16.02.2016ന് പ്രിൻസിപ്പൾ സെക്രട്ടറി 582/ഡി.എ.2/2016/ത.സ്വ.ഭ.വ. നം. കത്തിലൂടെ അനുമതി നൽകി. 24.02.2016 ന് ക്രൂസ് മാനേജിംഗ് ഡയറക്ടറോട് പട്ടികജാതി സങ്കേതങ്ങളിൽ (Solar Mini Mast with 4x24w LED Street Light- 2Nos) സപ്ലൈ ചെയ്ത് സ്ഥാപിക്കുവാനും ആവശ്യമായ കരാറുടമ്പടിയിൽ ഏർപ്പെടുവാനും ആവശ്യപ്പെട്ടു (ഫയൽ നം.എ-150/13). ആയതിന്റെ അടിസ്ഥാനത്തിൽ ക്രൂസ് വിഭാഗം പഞ്ചായത്ത് പരിധിയിലെ 6, 12 വാർഡുകളിലെ പട്ടികജാതി സങ്കേതങ്ങളിൽ താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള സൌരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു.

| | |
|---|---|
| Solar Mini Mast with 4x24w LED Street Light- 2Nos @ 2,21,445.54 | 4,42891.08 |
| Vat @ 1% | 4,428.91 |
| Round off | .001 |
| Total | 4,47,320.00 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 16.11.2013 ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ) ഖണ്ഡിക 7.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാഡിസന്റ് ലാമ്പ്, മെർക്കറി ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലാത്തതും നിലവിൽ സ്ഥാപിച്ചവയുടെ അറ്റകുറ്റപ്പണികൾ മെയിൻറനൻസ് ഗ്രാന്റ് / തനതുഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

2. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ജനപങ്കാളിത്തം ഉറപ്പാക്കേണ്ടത്, സർവ്വേ മോണിട്ടറിംഗ്, ഗുണഭോക്തൃ പ്രദേശ നിർണ്ണയം തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് ഊർജ്ജ പരിസ്ഥിതി കർമ്മസമിതികളാണ്. എന്നാൽ മേൽ സമിതിയുടെ പ്രവർത്തനങ്ങൾ, ശുപാർശകൾ എന്നിവ ഫയലിൽ പരിശോധനക്കായി ചേർത്തിട്ടില്ല.

3. 2013ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക.9.46 പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി കരാറിൽ

ഏർപ്പെടുന്നതിന് മുമ്പ്, കമ്പോളത്തിലെ തത്തുല്യമായ ഉൽപ്പനം അവസാനം വാങ്ങിയ വില, വാങ്ങേണ്ട ഉൽപ്പനത്തിന്റെ/തത്തുല്യ ഉൽപ്പനത്തിന്റെ കമ്പോള വില എന്നിവ പരിഗണിച്ച് വേണം വാങ്ങേണ്ടത്. ഖണ്ഡിക 13.7, 13.8 എന്നിവ പ്രകാരം ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ്, ന്യൂഡൽഹി എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നൽകുന്നുണ്ട്. പർച്ചേസിംഗ് ഓഫീസർമാർക്ക് മേൽ നിരക്ക് ലാഭകരമാണെങ്കിൽ മാത്രമേ ഉൽപ്പന്നങ്ങൾ വാങ്ങാവൂ. ഇതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. ഇന്ത്യയിൽ നിർമ്മിച്ച് വിതരണം നടത്തുന്ന സോളാർ (സ്ട്രീറ്റ് ലൈറ്റുകൾ) കമ്പനികളുടെ ഔദ്യോഗിക വെബ്സൈറ്റുകളിൽ നിന്നും ശേഖരിച്ച പ്രൈസ് ലിസ്റ്റ് പ്രകാരം മേൽ വിവരിച്ച തരത്തിലുള്ള സോളാർ വിളക്കുകൾ (ഒരെണ്ണത്തിന് 70,000/-രൂപ നിരക്കിൽ (എല്ലാവിധ നികുതിയുൾപ്പടെ) ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തിച്ചു തരും എന്ന് അവകാശപ്പെടുന്നുണ്ട്. ചെലവഴിച്ച തുകയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പൊതു കമ്പോളത്തിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്ന സാഹചര്യം ഒഴിവാക്കിയത് കൊണ്ട് പദ്ധതിക്കായി അധികം തുക ചെലവഴിക്കേണ്ടി വന്നു.

പ്രാദേശിക പരിശോധനയിൽ പ്രസ്തുത ഇടങ്ങളിലെല്ലാം കെ.എസ്.ഇ.ബി. വൈദ്യുതി വിതരണം നടത്തുന്നുണ്ട്. ആയതിൽ നിന്നും കണക്ഷൻ ലഭ്യമാക്കുന്നതിന് മേൽ പദ്ധതിയുടെ 10% ചെലവേ വരുകയുള്ളൂ. മേൽ രീതിയിലുള്ള നടപടികൾ സ്വീകരിക്കാതെയും സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെയും ഉയർന്ന നിരക്കിൽ സോളാർ എൽ.ഇ.ഡി. വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി പദ്ധതി പണം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം.1 പാര.40(B) പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ പൊതുപണം വിനിയഗിക്കുമ്പോൾ തങ്ങളുടെ സ്വന്തം പണം എന്ന രീതിയിൽ വിനിയോഗിക്കണമെന്നാണ്. എന്നാൽ നിയമവ്യവസ്ഥയും നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചില്ല. ചെലവഴിച്ച തുക 4,47,320/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-18 സർക്കാർ നിർദ്ദേശം പാലിക്കാതെ സി.എഫ്.എൽ ലാമ്പുകൾ ക്രൂസ്സിൽ നിന്നും വാങ്ങി.

പദ്ധതി പേര്, നം - തെരുവ് വിളക്ക് വാങ്ങൽ, 31/15-16

നിർവ്വഹണം - സെക്രട്ടറി.

അടങ്കൽ തുക – 3,14,832/- രൂപ (വികസന ഫണ്ട്)

ചെലവ്- 3,14,832 രൂപ (ബിൽ നം. 340/16 തീയതി. 12.08.2015), ഡി.ഡി.നം.177695, 26.08.2015

ഗ്രാമപഞ്ചായത്ത് പരിധിയിലെ കേട് വന്ന തെരുവ് വിളക്കുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായിട്ടാണ് 2014-15 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതി രൂപീകരിച്ചത്. എന്നാൽ പദ്ധതി തുടർന്ന് നടപ്പാക്കിയത് തൻവർഷത്തിലായിരുന്നു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ക്രൂസ്സിൽ നിന്നും താഴെ പറയുന്ന തരത്തിൽ സി.എഫ്.എൽ. ലാമ്പുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | തുക | വാറ്റ് | ആകെ |
|---|---|---|---|---|
| 2x11 w. C.F.L Street Light Fittings Automatic [@ 1144] | 198 | 226512.00 | (@14.5%)32844.24 | 259356.24 |
| C.F.L 11 w 4 Pin Lamp [@ 85.80] | 396 | 33976.80 | (@ 5%)1698.84 | 35675.64 |
| Installation charges [@ 100] | 198 | 19800.00 | | 19800.00 |
| Total | | | | 314831.88 |
| [Invoice No. 408/16.03.2015] Rounded to | | | | 314832.00 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നില്ല. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/15-16, തീയ്യതി.25.11.2016)

1. 16.11.2013 ലെ (എം.എസ്)362/13 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് അനുബന്ധം 16. ഖ. 7.9 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. മറ്റ് ലാമ്പുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരം ഇല്ലാത്തവയുമാണ് എൽ.ഇ.ഡി ലാമ്പുകൾ. സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് പുതിയതായി സി.എഫ്.എൽ

ലാമ്പുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

2. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം. 6(3) പഞ്ചായത്തിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, സാധനങ്ങൾ സംഭരിച്ചു കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, ജോലി പൂർത്തികരിക്കേണ്ട തീയതി, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ തെരുവ് വിളക്കുകളും അനുബന്ധ സാധനങ്ങളും ക്രൂസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയപ്പോൾ മേൽ വിവരിച്ച കരാർ ചട്ടങ്ങൾ, പ്രൊക്യൂർമെന്റ് മാന്വൽ എന്നിവയിലെ നിർദ്ദേശ്ശങ്ങൾ പാലിച്ചില്ല.

3. 15.09.2011 ലെ 3055/ ഡി.എ3/ 2011/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തേണ്ടത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശ്ശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗ നിർദ്ദേശ്ശങ്ങൾ പ്രകാരം പ്രസ്തുത പ്രവർത്തികൾക്കായി ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.എ. നിലവാരത്തിലുള്ളതും ഇവയുടെ നിരക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്തിൽ വാങ്ങിയ വിളക്കുകളും, അനുബന്ധ ഉപകരണങ്ങളും കെ.എസ്.ഇ.ബി.യുടെ നിരക്കുകളുമായി താരതമ്യംപെടുത്തിയല്ല വാങ്ങിയത്.

4. പുതിയതായി വാങ്ങിയ തെരുവ് വിളക്കുകൾ അനുബന്ധ ഉപകരണങ്ങൾ, കേടുവന്നവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് ഹാജരാക്കിയില്ല.

5. പുതിയ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി. അധികാരികളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

6. പഞ്ചായത്ത് സമർപ്പിച്ച വൌച്ചർ പ്രകാരം ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം എന്നവരാണ് തെരവ് വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത വിഭാഗത്തിനല്ല ഇൻസ്റ്റാലേഷൻ തുക അനുവദിച്ചിരിക്കുന്നത്. ക്രൂസ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയ തെരുവ് വിളക്ക് ഇൻസ്റ്റാലേഷൻ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം എന്നവർ നടത്തുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വിശദീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക 3,14,832/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-19 വനിതകൾക്കായിട്ടുള്ള പദ്ധതിയിലൂടെ പുരുഷൻമാർക്കും ആനുകൂല്യം.

നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

ഓഡിറ്റ് വർഷത്തിൽ കൃഷി നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയതാണ് താഴെ പറയുന്ന പദ്ധതികൾ.

| പദ്ധതി പേര്, നം | അടങ്കൽ തുക | ചെലവ് തുക<br>ബിൽ നം, തീയ്യതി | ഗുണഭോക്തൃ വിഹിതം, (ഡി.ഡി) | ആകെ ഗുണഭോക്താക്കൾ |
|---|---|---|---|---|
| വാഴക്കന്ന് വിതരണം,<br>വനിത - 187/16 | 4,00,000/-<br>(വി.ഫ.3,00,000<br>+ ഗു.വി.99,975) | 2,99,925/-<br>1/15-16,<br>03.11.2015 | 99,975/-<br>178460, 05.12.2015<br>178464, 07.12.2015 | 2,666 |
| പച്ചക്കറി വിത്ത് വിതരണം<br>വനിത – 189/16 | 1,00,000/-<br>(വി.ഫണ്ട്) | 1,00,000/-<br>2/15-16,29.02.2016 | ----- | 2,000 |
| ഇടവിളകൃഷി വികസനം,<br>വനിത – 191/16 | 3,00,000/-<br>(വി.ഫ.2,25,000<br>+ ഗു.വി.75,000) | 2,25,000/-<br>4/15-16,<br>14.03.2016 | 75,000/-<br>979608, 18.03.2016 | 600 |

മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കിയ അനുബന്ധ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ നിന്നും വനിതകൾ ഗുണഭേകോതക്കളായി നടപ്പാക്കിയ പദ്ധതികളിൽ നിരവധി പുരുഷൻമാർക്കും സബ്സിഡി ആനുകൂല്യം നൽകിയതായി കണ്ടു. പട്ടിക ക്രമ നം.1 (52 പുരുഷൻമാർ), 2. (29പുരുഷൻമാർ), 3.(11പുരുഷൻമാർ) എന്നീ ക്രമത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. പുരുഷ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധം. 3 ആയി ഈ റിപ്പോർട്ടിനോടൊപ്പം ചേർക്കുന്നു.

1. വാഴക്കന്ന് വിതരണം, വനിത – 187/16

പ്രസ്തുത പദ്ധതിയിലൂടെ 2,666 വനിത കർഷകർക്ക് 10 വാഴക്കന്ന് വീതം വിതരണം ചെയ്തിട്ടുണ്ട്. ആകെ 26,660 വാഴക്കന്ന് വിതരണം ചെയ്തു. ഇതു വഴി ഗ്രാമപഞ്ചായത്ത് പരിധിയിലെ 8 ഹെക്ടർ സ്ഥലത്ത് നിന്നും 200 ടൺ വാഴക്കുലകൾ വിളവെടുക്കാൻ പദ്ധതി ലക്ഷ്യമിട്ടിരുന്നു. പദ്ധതി മോണിട്ടറിംഗ് റിപ്പോർട്ടിൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചതിന്റെ പരാമർശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 10 വാഴക്കന്നുകൾ 150/- രൂപ നിരക്കിലാണ് ഓരോ ഗുണഭോക്താവിനും വിതരണം ചെയ്തിട്ടുള്ളത്. (സബ്സിഡി തുക 112.50/-, ഗുണഭോക്തൃ വിഹിതം. 37.50/-) പദ്ധതി മുഖേന 52 പുരുഷൻമാർക്കായി 5,850/- രൂപയുടെ സബ്സിഡി അനുവദിച്ചിട്ടുണ്ട് (112.5x52=5850).

2. പച്ചക്കറിവിത്ത് വിതരണം, വനിത – 189/16

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ത്രീകളിലൂടെ പച്ചക്കറി കൃഷി വ്യാപിച്ച്, പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിലൂടെ കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിനും, വിഷവിമുക്ത ഭക്ഷണം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. 50 രൂപ വിലയുള്ള 2000 പച്ചക്കറി വിത്തുകളുടെ കിറ്റ് സർക്കാർ സ്ഥാപനമായ വി.എഫ്.പി.സി.കെ.യിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 1885 വനിതകളെ കൂടാതെ 29 പുരുഷൻമാർക്കും വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 1914 ഗുണഭോക്താക്കളെയുള്ളൂ. അതായത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 86 പേർക്ക് കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആകെ 115 പേർക്ക് അനർഹമായി സബ്സിഡി അനുവദിച്ചു. ഇതിനായി 5,750/-രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ഇടവിളകൃഷി വികസനം, വനിത – 191/16.

പ്രസ്തുത പദ്ധതിയിലൂടെ 600 വനിതകൾക്ക് 75% സബ്സിഡിയിൽ ചേമ്പ്, ചേന, മഞ്ഞൾ, ഇഞ്ചി എന്നിവയടങ്ങിയ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഒരു കിറ്റിന് 500/- രൂപയാണ് വില ആയതിൽ 125/- രൂപ ഗുണഭോക്താക്കൾ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പദ്ധതി മുഖേന 11 പുരുഷൻമാർക്കായി 4,125/- രൂപയുടെ സബ്സിഡി അനുവദിച്ചിട്ടുണ്ട് (11x375=4125).

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3എ(സി))പ്രകാരം ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി ഗുണഭോക്താക്കളെ കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളുടേതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ മേൽ വിവരിച്ച നിയമ വ്യവസ്ഥകൾക്കും മാർഗ്ഗരേഖകൾക്കും വിരുദ്ധമായിട്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് കാണാവുന്നതാണ്. സബ്സിഡി ആനുകൂല്യം വിതരണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരം പ്രസ്തുത വിഷയം പരിശോധിച്ചിട്ടില്ല. മേൽ വിവരിച്ച പദ്ധതി മുഖേന അനർഹമായി അനുവദിച്ച സബ്സിഡി തുക 15,725/- രൂപ (5850 + 5750 + 4125) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-20 കാർഷിക സമയക്രമം പാലിക്കാതെ തെങ്ങിന് ജൈവവളം വാങ്ങി നൽകി.

പദ്ധതി പേര്/നം. തെങ്ങിന് ജൈവവളം നൽകൽ, 188/15-16

അടങ്കൽ തുക – 11,00,000/- (8,00,000/- വികസന ഫണ്ട്, 2,75,000 ഗുണഭോക്തൃ വിഹിതം)

ചെലവ് തുക - 6,72,750/-(4,94,000/- വികസന ഫണ്ട്, 1,78750/-ഗുണഭോക്തൃ വിഹിതം)

[ബിൽനം.തുക-5/15-16,30.03.2016, ചെക്ക് നം.1407928, 30.03.2016]

ഗ്രാമപഞ്ചായത്ത് പരിധിയിലെ കേരകർഷകരുടെ 8800 തെങ്ങുകൾക്ക് 5 കിലോ വീതം ജൈവവളം സബ്സിഡി മുഖേന നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതു വഴി തെങ്ങിന്റെ ഉൽപ്പാദനക്ഷമതയും, തേങ്ങയുടെ ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് 75% സബ്സിഡിയോടെ ജൈവ വളവും ലഭ്യമാക്കും. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 587 ഗുണഭോക്താക്കൾക്ക് 4,94,000/- രൂപ ചെലവഴിച്ച് ജൈവവളം പെർമിറ്റ് അടിസ്ഥാനത്തിൽ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകതകൾക്ക് 26.11.2016 ന് (നം.16/15-16) അന്വേഷണക്കുറിപ്പിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ആവശ്യപ്പെടുകയുണ്ടായി.

- 16.11.2013 ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്, അനുബന്ധം.16, ഖണ്ഡിക.3.1.1 പ്രകാരം ജൈവവളങ്ങളുടെ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് കൃഷി വകുപ്പ് നിശ്ചയിച്ച് നൽകിയതിന് ശേഷമാണ് സബ്സിഡി കർഷകർക്ക് അനുവദിക്കേണ്ടതുള്ളൂ. എന്നാൽ കർഷകർക്ക് ജൈവളത്തിനായി സബ്സിഡി

അനുവദിച്ചപ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

- നാളികേര വികസന രംഗത്ത് ഉൽപന്ന വൈവിദ്ധ്യവത്കരണത്തിനുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് പ്രാധാന്യം നൽകണം. ഇതിനായി കൃഷി രീതികൾ നിഷ്കർഷതയോടെ സമയക്രമത്തിൽ നടപ്പാക്കണം. തെങ്ങിന്റെ വിളവിനെ ബാധിക്കുന്ന ഏറ്റവും പ്രധാനഘടകമാണ് വളം. അതിനായി വേണ്ടത്ര ജൈവവളവും, കൃഷി വകുപ്പ് ശുപാർശ ചെയ്യുന്ന തരത്തിൽ രാസവളവും ഏകോപ്പിച്ച് സെപ്റ്റംബർ മാസത്തിനു മുമ്പ് നിർബന്ധമായും നൽകിയാലേ തെങ്ങിൽ നിന്നും ലഭിക്കുന്ന ഊർജ്ജദായ വസ്തുക്കൾക്ക് നല്ല വിളവ് ലഭിക്കുകയുള്ളൂ. എന്നാൽ പരമ്പരാഗത/ ആധുനിക കൃഷിരീതികളിൽ നിർദ്ദേശിക്കാത്ത സമയങ്ങളിലാണ് ഗുണഭോക്താക്കൾക്ക് വളം വാങ്ങി നൽകിയിട്ടുള്ളത്.

എന്നാൽ മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നതിലെ നടപടിക്രമങ്ങളുടെ വീഴ്ച വരുത്തിയതിനാലും മറുപടിയുടെ അഭാവത്തിലും പദ്ധതിക്കായി ചെലവഴിച്ച 4,94,000/- (വികസന ഫണ്ട്) തടസ്സത്തിൽ വയ്ക്കുന്നു.

## 3-21 മൃഗസംരക്ഷണ മേഖലയിൽ അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി.

പദ്ധതി പേര്, നം - കറവ പശു വിതരണം (വനിത)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

ഓഡിറ്റ് വർഷത്തിൽ മൃഗസംരക്ഷണം മേഖലയിൽ പഞ്ചായത്ത് വിഹിതമുപയോഗിച്ച് 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നം | അടങ്കൽ തുക | ഫണ്ട് തരം | ചെലവ് തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 10/15-16 | 90,000 | 45000 വികസന ഫണ്ട്<br>45000ഗുണഭോക്തൃ വിഹിതം | 90,000 | 6/15-16, 22.03.2016 (45,000) |
| 181/15-16 | 4,20,000 | 2,10,000 വികസന ഫണ്ട്<br>2,10,000 ഗുണഭോക്തൃ വിഹിതം | 4,20,000 | 3/15-16,18.02.2016 (1,50,000)<br>5/15-16,22.03.2016 (60,000) |

ഗുണഭോക്താക്കൾക്ക് സബ്സിഡി (15,000/-രൂപ) നൽകിയ വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | പരിശോധന വിവരം |
|---|---|---|
| 1 | സുലൈഖ, കിഴക്കേ നരിക്കുട്ടിൽ, നരിക്കാട്ടേരി, ചേലക്കാട്, 12/183 | പദ്ധതി പ്രകാരം ലഭ്യമായ പശുവിനെ വിൽപ്പന നടത്തിയതായി ഗുണഭോക്താവ് അറിയിച്ചു. |
| 2 | ആസ്യ കുഞ്ഞിത്തയ്യുള്ളതിൽ (ഹ), ചേലക്കാട് (പി.ഒ) കല്ലാച്ചി, 12/235 | |
| 3 | മാമി ആക്കിലേരി (ഹ), വരിക്കോളി, കല്ലാച്ചി, 14/169 | 124 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് |
| 4 | സൌമിനി മത്തത്ത്, വിഷ്ണുമംഗലം, കല്ലാച്ചി, 4/382 | 130 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് |
| 5 | അലിമ, ചിങ്കോത്തന്റെ വീട്, 12/145 | 260 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് |
| 6 | ലീല താഴെ കണ്ണോത്ത് കണ്ടിയിൽ, വിഷ്ണുമംഗലം, കല്ലാച്ചി, 15/352 | 131 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് |
| 7 | സ്മിത, കെ ചമ്മത്തിൽ. 11/252 | 124 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് |
| 8 | ബിന്ദു.എം., മൊട്ടേൽ, വരിക്കോളി<br>(സി.ഡി.എസ്.മെമ്പർ) | ശ്രീമതി ബിന്ദുവിന് കുടുംബശ്രീ മുഖേന ഗ്രൂപ്പ് സംരംഭം തുടങ്ങുന്നതിന് എസ്.സി.എ. ഫണ്ടിൽ നിന്നും 2015-16 വർഷത്തിൽ ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ ശ്രീമതി.ബിന്ദുവിന്റെ ഭർത്താവ് ഗൾഫിൽ ജോലി ഉണ്ടായിരുന്ന ആളാണ്. |

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 16 ഖ.2.14(iii) പ്രകാരം 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള ഓടിട്ടതോ/കോൺക്രീറ്റ് കൊണ്ടുള്ളതോ രണ്ടും കൂടിയായതോ ആയ കെട്ടിടം ഉടമസ്ഥതയിലുള്ളവർ, ഖ.2.14(v) വിദേശങ്ങളിൽ ജോലി ഉള്ളതോ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വീട് സ്വന്തമായുള്ള കുടുംബം എന്നിവരൊന്നും 50,000/- രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല. എന്നാൽ മേൽ മാർഗ്ഗരേഖയിലെ നിബന്ധന പാലിക്കാതെ അനർഹരായവർക്കും സബ്സിഡി നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം ഗ്രാമസഭകളിലൂടെ മാർക്കടിസ്ഥാനത്തിൽ അർഹത നിശ്ചയിച്ച് മുൻഗണന കണക്കാക്കി വാർഡ് മെമ്പർമാരുടെ നേതൃത്തത്തിൽ തെരഞ്ഞെടുത്തതാണ് മേൽ ഗുണഭോക്താക്കൾ. സബ്സിഡി മാർഗ്ഗരേഖ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്ത് കമ്മറ്റിത്തന്നെ അർഹത, മുൻഗണനാ മാനദണ്ഡം നിശ്ചയിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കാരണം അർഹരിൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതി തന്നെ വീഴ്ച വരുത്തി. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്ക് അർഹരായവരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളിലൂടെ ഫലപ്രദമായി നടപ്പാക്കുന്നതിലും വീഴ്ച സംഭവിച്ചതായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.

തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി തരുന്ന ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. അനർഹമായി സബ്സിഡി അനുവദിച്ച തുക 1,20,000/- രൂപ മേൽ ഗുണഭോക്താക്കളിൽ പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പ്രകാരം സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ മറ്റ് പദ്ധതികളുടെ നിലവിലെ അവസ്ഥ ബന്ധപ്പെട്ട കർമ്മസമിതി പരിശോധിച്ച് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

## 3-22 മുട്ടക്കോഴി വിതരണം പദ്ധതി - നടപ്പാക്കിയതിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

പദ്ധതി പേര്, നം. - മുട്ടക്കോഴി വിതരണം വനിതകൾക്ക്, 198/16

അടങ്കൽ തുക – 1,50,750/- (വികസന ഫണ്ട്- 1,00,500/- ഗുണഭോക്തൃ വിഹിതം- 50,250/-)

ചെലവ് തുക – 1,02,600/- (വികസന ഫണ്ട്- 68,400/- ഗുണഭോക്തൃ വിഹിതം- 34,200/-) ബിൽ നം. 2/15-16, 23.12.2015 (11,400/-), 4/15-16, 22.03.2016 (57,000/-)

ഗ്രാമപഞ്ചായത്ത് പരിധിയിലെ ദാരിദ്ര്യ രേഖയിൽ താഴെയുള്ള കുടുംബങ്ങളിലെ തെരഞ്ഞെടുത്ത 240 വനിതകൾക്ക് സർക്കാർ അംഗീകൃത നഴ്സറിയിൽ നിന്നും 2 മാസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങി 5 വീതം എണ്ണം വിതരണം ചെയ്യുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. പദ്ധതി മുഖേന 190 വനിതകൾക്ക് 950കോഴിക്കുഞ്ഞുങ്ങളെ 90/-രൂപ തോതിൽ 2 എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1.പദ്ധതിക്ക് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയില്ല.

31.08.2016 ലെ നം.2160/1140/11/DPC/KKD ഉത്തരവിലൂടെ നാദാപുരം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക പദ്ധതി രേഖയും പദ്ധതി ആസൂത്രണ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് അംഗീകാരം നൽകി. പ്രസ്തുത അംഗീകാരപത്രത്തിൽ മുട്ടക്കോഴി വിതരണം പദ്ധതി ഉൾപ്പെട്ടിട്ടില്ല. ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്

2. വാറ്റ് ഈടാക്കിയില്ല.

2005 ലെ കേരള വാണിജ്യ നികുതി നിയമം പ്രകാരം കോഴിക്കുഞ്ഞുങ്ങൾക്ക് 14.5% വാറ്റ് ഈടാക്കേണ്ടതുണ്ട്. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12 പ്രകാരം സാധനം വാങ്ങുമ്പോൾ സർക്കാരിലേക്ക് അടയ്ക്കേണ്ട വാറ്റ് സാധനത്തിന്റെ വിലയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. ഈ തുക സർക്കാരിലേക്ക് അടവാക്കിയെന്ന് നിർവഹണോദ്യാഗസ്ഥൻ ഉറപ്പുവരുത്തണം. എന്നാൽ മലബാർ എഗ്ഗർ നഴ്സറി, തിരുവമ്പാടി എന്ന സ്ഥാപനത്തിൽ നിന്നും 85,500/- രൂപക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങി നൽകിയപ്പോൾ വാണിജ്യ നികുതി ഉൾപ്പെടുത്തിയില്ല.

ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കാതെ പദ്ധതി നടപ്പാക്കിയത് ഓഡിറ്റിൽ

അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി ചെലവഴിച്ച 68,400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി ഓഡിറ്റ് വിഭാഗത്തിനെ അറിയിക്കേണ്ടതാണ്.

## 3-23 ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയും മരുന്നുകൾ വാങ്ങി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

പ്രോജക്ട് പേര്, നമ്പർ - മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - 08/15-16

അടങ്കൽ തുക – 50,000/- ( വികസന ഫണ്ട്)

ചെലവ് തുക – 50,000/- (ബിൽ നം, തീയ്യതി.1/15-16, 23.12.2015)

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ വെറ്റിനറി ഡിസ്പെൻസറിയിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 'ഡയനവെറ്റ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ മേൽ വിവരിച്ച ബിൽ മുഖേന 50,000/- രൂപ പിൻവലിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. 16.11.2013 ലെ (എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ)അനുബന്ധം.1, ഖണ്ഡിക.2(ii) പ്രകാരം ജില്ലയിലെ മൃഗസംരക്ഷണ ഡപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച ശേഷമേ പദ്ധതി രൂപീകരിച്ച് മരുന്നുകൾ സ്ഥാപനങ്ങളിലേക്ക് വാങ്ങാവൂ. മരുന്നുകൾ വാങ്ങുന്നത് മൃഗസംരക്ഷണ വകുപ്പിൽ മരുന്ന് വാങ്ങുന്ന നടപടികൾ പ്രകാരമായിരിക്കണം. എന്നാൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല വെറ്റിനറി സർജ്ജൻ മരുന്നുകൾ വാങ്ങിയത്.
2. 08.11.2010ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ. സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ സമാഹരിക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കണം.

   "വാങ്ങേണ്ടിയിരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യുക.

   നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങുക.

   50,000/- രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങൾ ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് വാങ്ങേണ്ടത്. 8 മുതൽ 10 പേരിൽ നിന്നും ടെണ്ടർ ക്ഷണിച്ച് 14 ദിവസം സമയം നൽകണം. ടെണ്ടർ പരസ്യമായി തുറക്കേണ്ടത് ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെ സാന്നിദ്ധ്യത്തിലും ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു.
3. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം. 6(3) പഞ്ചായത്തിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, ജോലി പൂർത്തികരിക്കണ്ട തീയതി, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ പ്രസ്തുത രീതിയിലുള്ള കരാർ പത്രം തയ്യാറാക്കിയിട്ടില്ല.

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല പർച്ചേയ്സ് നടത്തിയതെന്ന് വ്യക്തമായി. നടപടിക്രമങ്ങളുടെ വിഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-24 പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി : മാർഗരേഖ പാലിക്കാതെ തുക ചിലവഴിച്ചു.

താലൂക്ക് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയിൽ 2015-16 വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനു മാർഗരേഖയായി നിർദേശിക്കുന്ന താഴെ പറയുന്ന ഉത്തരവുകൾ പാലിച്ചതായി കാണുന്നില്ല

1.സ.ഉ (കൈ) നം.228/2012/ത.സ്വ.ഭ.വ തീയതി 23.08.2012 (2015 ഒക്ടോബർ 28 വരെ ബാധകം)

2.സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 (2015 ഒക്ടോബർ 29 മുതൽ ബാധകം)

പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

പദ്ധതിയുടെ നം : (1/2016)

അടങ്കൽ : 250000/-(പൊതു വിഭാഗം വികസന ഫണ്ട്)

ചെലവഴിച്ചത് : 249,937/-

| ബിൽ നം, തീയ്യതി | തുക |
|---|---|
| 1/15-16, 17.07.2015 | 51002 |
| 2/15-16, 20.08.2015 | 46445 |
| 3/15-16, 22.09.2015 | 22890 |
| 4/15-16, 29.10.2015 | 24000 |
| 5/151-16, 19.12.2015 | 22920 |
| 6/15-16, 05.01.2015 | 23900 |
| 7/15-16, 30.01.2016 | 23900 |
| 8/15-16, 02.03.2016 | 22750 |

മേൽ പദ്ധതികൾ നടപ്പിലാക്കിയതിൽ ശ്രദ്ധയിൽ പെട്ട അപാകതകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

1.പട്ടിക പ്രസിദ്ധപ്പെടുത്തിയില്ല.

സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ലെ ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെ ഉത്തരവ് തീയതി കഴിഞ്ഞ് 60 ന ശേഷം പാലിയേറ്റിവ് പദ്ധതിയിൽ നിന്നു തുക ചിലവഴിക്കരുതെന്നും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

2. ഭക്ഷണ ചിലവ് പരിധി മറികടക്കുന്നു.

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.3 പ്രകാരം ഹോം കെയർ ദിവസങ്ങളിൽ ഭക്ഷണ ഇനത്തിൽ ഒരു സന്നദ്ധ പ്രവർത്തകന്/പ്രവർത്തകയ്ക്ക് 60 രൂപ തോതിൽ പരമാവധി 3 പേർക്കേ തുക ചിലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഉത്തരവ് തീയതിക്കു ശേഷവും സന്നദ്ധ പ്രവർത്തകരല്ലാത്തവരുടെ ഭക്ഷണച്ചിലവുൾപ്പെടെ പ്രതിദിന ഭക്ഷണ ഇനത്തിൽ കൂടുതൽ തുക ചിലവഴിച്ചിട്ടുണ്ട്.

3. പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി ചേരുന്നില്ല.

രണ്ടാം ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മാസത്തിലൊരിക്കലും ഒന്നാം ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മൂന്ന് മാസത്തിലൊരിക്കലും ചേരേണ്ട പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് ഓഡിറ്റ് വർഷം ചേർന്നതിന്റെ വിശദാംശങ്ങളോ പ്രതിമാസ വരവ് ചിലവ് കണക്കോ പ്രവർത്തന റിപ്പോർട്ടോ അവതരിപ്പിച്ചതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

4. യോഗം വിളിച്ചില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.2.2(1) സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വിധ ആരോഗ്യപ്രവർത്തകരെയും, എൻ എസ് എസ്- എൻ സി സി - എസ് പി സി കേഡറ്റ്മാരെയും വിളിച്ചുകൂട്ടി യോഗം വിളിക്കണമെന്നുണ്ടെങ്കിലും നടത്തിയിട്ടില്ല.

5. പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി.

രണ്ടാം ഉത്തരവ് ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട മേൽ പറഞ്ഞ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

6. ചിലവുകൾ ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല

രണ്ടാം ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചിലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ നാളിതു വരെ നടപ്പിലാക്കിയിട്ടില്ല.

7. ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ പിറ്റേന്നോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

8. പ്രാദേശിക വിഭവ ശേഖരണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പദ്ധതിയുടെ നടത്തിപ്പിനായി പ്രാദേശിക വിഭവ ശേഖരണം നടത്തുന്നുണ്ടെന്നും എന്നാൽ അതിന്റെ പാസബുക്കോ മറ്റ് വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

9. തുടർ പരിശീലനം നൽകിയില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.14 പ്രകാരം പാലിയേറ്റിവിലെ സന്നദ്ധപ്രവർത്തകർക്ക് വർഷത്തിൽ ഒരു തവണ തദ്ദേശ സ്ഥാപന തലത്തിൽ നടത്തേണ്ട ഏകദിന പരിശീലനം നടത്തിയിട്ടില്ല.

10. ഹോണറേറിയം സമയ പരിധിക്കുള്ളിൽ നൽകുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.8.11 പ്രകാരം പാലിയേറ്റിവ് നഴ്സിനു ജോലി ചെയ്തതിന്റെ അടുത്ത മാസം 10 നകം ഹോണറേറിയം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

11. രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

രണ്ടാം ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | | രണ്ടാം ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡികയുടെ നം |
|---|---|---|
| 1. | പി എം സിയുടെ ഹാജർ , മിനുട്സ് | 2.3.2 |
| 2. | പി ഐ സി യുടെ ഹാജർ, മിനുട്സ് | 2.4.2 |
| 3. | അനുബന്ധം 9 പ്രകാരമുള്ള പ്രതിമാസ പ്രവർത്തന – അവലോകന മിനുട്ട്സ് | 2.3.2, 2.4.2, 7.1 |
| 4. | പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് | 2.5.7 |
| 5. | ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ | 2.6.2(7) |
| 6 | ഹോം കെയർ റിപ്പോർട്ട് ബുക്ക് | 2.6.3(5) |
| 7 | വളണ്ടിയേഴ്സ് രജിസ്റ്റർ | 2.6.3(8) |
| 8 | സബ് സ്റ്റോക്ക് രജിസ്റ്റർ | 2.6.4 |
| 9 | സ്പെഷൽ ഒ.പി രജിസ്റ്റർ | 2.6.7(1) |
| 10 | റിവ്യൂ രജിസ്റ്റർ | 2.6.7(1) |
| 11 | ട്രീറ്റ്മെന്റ് രജിസ്റ്റർ | 2.6.7(1) |
| 12 | സ്റ്റാഫ് ആന്റ് വളണ്ടിയേഴ്സ് അറ്റന്റസ് രജിസ്റ്റർ | 2.6.7(5) |
| 13 | വാട്ടർ ബെഡ് , വീൽ ചെയർ, കമ്മോഡ് ആന്റ് അതർ അപ്ലയൻസ് മൂവ്മെന്റ് രജിസ്റ്റർ | 2.6.8 |
| 14 | പേഷ്യന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് രജിസ്റ്റർ | 2.6.13 |
| 15 | ഇവന്റ്സ് ഡയറി | 2.6.15 |
| 16 | ഉപയോഗിക്കാത്തതും അല്ലാത്തതുമായ രശീതി ബുക്കുകൾ | 2.7.2 |
| 17 | രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ | 2.7.2 |
| 18 | കാഷ് ആന്റ് അസറ്റ് ഡൊണേഷൻ രജിസ്റ്റർ | 2.7.3 |
| 19 | വരവ് ചെലവ് കണക്ക് പുസ്തകം | 2.7.5 |
| 20 | അനുബന്ധം 5 പ്രകാരമുള്ള കരാർ ഉടമ്പടി | 2.8.6 |

ഇതു സംബന്ധിച്ച് നൽകിയ അന്വേഷണത്തിനു (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 28 /29.11.016) വിശദീകരണം നൽകിയിട്ടില്ല. ഉത്തരവ് തീയതി കഴിഞ്ഞ് 60 ദിവസത്തിനു ശേഷം - 01.01.2016 മുതൽ-മേൽ പദ്ധതിയിൽ നിന്നും മാർഗരേഖ പാലിക്കാതെ ചിലവഴിച്ച 34,880/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-25 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

1. ഇ -സാക്ഷരത

പ്രോജക്ട്നം : 272/16 അടങ്കൽ തുക : 3,00,000/- [1,00,000/- (തനത് ഫണ്ട് ) 2,00,000/- (ഗുണഭോക്തൃ വിഹിതം)]

ചെലവ് തുക : 1,36,000/-

[തനത് ഫണ്ട് : 36000 (ചെക്ക് നം - 1407927, 23.03.2016)ഗുണഭോക്തൃ വിഹിതം : 1,00,000/- ]

കമ്പ്യൂട്ടർവൽകരണം മുഖേന സേവനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോട് കൂടി 10 ടാബ്ലെറ്റുകൾ നൽകാനും ഹോണറേറിയം നൽകാനും ആണ് മേൽ പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. 16.11.2013 ലെ (എം.എസ്)നം 362/13 ത.സ്വ.ഭ.വ. നം സബ്സിഡി മാർഗ്ഗരേഖ അനുബന്ധം.16 (2-2) പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ മേൽ പദ്ധതിയിൽ ടാബ് ലെറ്റ് വാങ്ങാൻ സബ്സിഡി നൽകിയിട്ടുണ്ടെങ്കിലും അതിനു സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ല. ഈ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിശദാംശങ്ങളും ലഭ്യമല്ല.

1. ടാബ് ലെറ്റുകൾക്ക് ആരാണ് സ്പെസിഫിക്കേഷൻ നിർണയിച്ചത്.
2. ടാബ് ലെറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെയും ,ആര് കൈപ്പറ്റിയെന്നതിന്റെയും വിശദാംശങ്ങൾ.
3. എത്ര ടാബലെറ്റുകൾ വാങ്ങി.
4. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ.
5. പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ മറ്റു പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാലും പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കാത്ത ഇനത്തിനു സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തുക ചിലവഴിച്ചതിനാലും ചെലവു തുകയായ 36000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2.പദ്ധതി മാർഗരേഖ പാലിച്ചില്ല.

പദ്ധതിയുടെ പേര്, നം. : കലാഗ്രാമം പദ്ധതി (215/16)

അടങ്കൽ തുക : 50,000/- (പൊതു വിഭാഗം വികസന ഫണ്ട്)

ചെലവഴിച്ച തുക : 50,000/-(ബിൽ നം. 15-16/16.11.2015)

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക എന്നിവ ഉദ്ദേശിച്ചാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 16.11.2013ലെ (എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലില്ലാത്തതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല. മേൽ ഉത്തരവ് അനുബന്ധം.1. ഖണ്ഡിക.6 (iii) പ്രകാരം പ്രൈമറി വിദ്യാഭ്യാസം ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് എസ്.എസ്.എ. മുഖാന്തിരമാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്കു വിരുദ്ധമായിട്ടാണ് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കിയതിനാൽ ചെലവു തുക 50,000/-ഓഡിറ്റിൽ നിരാകരിക്കുന്നു.

3.എസ്.എസ്.എ. വിഹിതം നൽകൽ - അപാകതകൾ.

പദ്ധതിയുടെ പേര്, നം - എസ്.എസ്.എ. വിഹിതം നൽകൽ, 12/16

അടങ്കൽ തുക : 10,00,000/-(പൊതു വിഭാഗം വികസന ഫണ്ട് : 1,00,000/- തനത് ഫണ്ട് : 9,00,000/-)

ചെലവഴിച്ച തുക : 1,00,000/- (ബിൽ നം. 3/15-16 തീയതി 28.03.2016 )

16.11.2013ലെ (എം.എസ്) നം.362/2013/ത.സ്വ.ഭ.വ ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6(ii) പ്രകാരം എസ്.എസ്.എ.ക്കു കൈമാറുന്ന തുകയ്ക്കുള്ള പ്രോജക്ടുകൾ എസ്.എസ്.എ.യും വിദ്യാഭ്യാസ കമ്മറ്റിയുടെ സഹായത്തോടെ ത.സ്വ.ഭ. സ്ഥാപനവും ചേർന്നാണ് തയ്യാറാക്കേണ്ടത്. തയ്യാറാക്കിയ പ്രോജക്ട് ഭരണ സമിതി അംഗീകരിച്ച ശേഷം പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എസ്.എസ്.എ വിഹിതമായി 1,00,000/- രൂപ കൈമാറയിട്ടുണ്ടെങ്കിലും

മുൻവർഷ ചെലവിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഭരണ സമിതിയുമായോ വിദ്യാഭ്യാസ സമിതിയുമായോ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയോ വിശദാംശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. തുക ഏതൊക്കെ ഇനങ്ങൾക്കാണ് ചെലവഴിച്ചത് എന്ന വിവരവും ലഭ്യമല്ല. മുൻ വർഷം കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

4.വിശദാംശങ്ങൾ ലഭ്യമാക്കുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തില്ല.

പദ്ധതിയുടെ പേര്, നം : ലൈബ്രറികൾക്ക് പുസ്തകം നൽകൽ, 13/16

അടങ്കൽ തുക : 50,000/- (തനത് ഫണ്ട്)

ചെലവഴിച്ച തുക : 50,000/-

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതിയിലുള്ള സ്കൂളുകളിലെ ലൈബ്രറികളിലേക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച നടപ്പാക്കിയത്. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 50,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-26 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പദ്ധതി പേര്- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം, 196/15-16

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

അടങ്കൽ തുക – 1,00,800/- (വികസന ഫണ്ട്)

ചെലവ് തുക – 50,000/- (ബിൽ നം.15/15-16, 30.03.2016)

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി മേൽ വിവരിച്ച രീതിയിൽ പഞ്ചായത്ത് ഫണ്ട് പിൻവലിച്ച് സ്കോളർഷിപ്പായി വിതരണം നടത്തിയിട്ടുണ്ട്.

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. 5(8) പ്രകാരം മേൽ വിഭാഗത്തിൽപെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25എന്ന അനുപാതത്തിലാണ് വകയിരുത്തി ചെലവഴിക്കേണ്ടത്. എന്നാൽ ആയതിന പകരം ഗ്രമപഞ്ചായത്ത് ഫണ്ട് മാത്രമാണ് ചെലവഴിച്ചത്. ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-27 മീഡിയാശ്രീ പദ്ധതി - സി.ഡി.യും, വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് പേര്, നമ്പർ : പഞ്ചായത്തിന്റെ സമഗ്ര ചരിത്ര ചിത്രീകരണം, 195/ 2016

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവഴിച്ച തുക : 65,000/- രൂപ (വികസന ഫണ്ട്, ബിൽ നം.560/16, 15.09.2015)

വൗച്ചർ നമ്പർ, തിയ്യതി : 21500627/ 25.09.2015

ചെക്ക് നമ്പർ, തിയ്യതി : 81500160, 25.09.2015

ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളുടെ ചരിത്രം ദൃശ്യവൽക്കരിക്കുന്നതിനായും പരിസ്ഥിതി, വികസന പ്രവർത്തനങ്ങൾ എന്നിവ ചിത്രീകരിക്കുന്നതിനും വേണ്ടിയാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ചത്. ഡോക്യുമെന്ററി ചിത്രീകരിക്കുന്നതിനായി 05.12.2014ലെ(സാധാ)3206/2014/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 65,000/- രൂപ കുടുംബശ്രീ കോഴിക്കോട് ജില്ല മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചിത്രീകരിച്ച ഡോക്യുമെന്ററിയുടെ സി.ഡിയും തുക വിനിയോഗിച്ച സാക്ഷ്യപത്രവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച 65,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-28 ഐ.കെ.എം. വിന്യസിച്ച സോഫ്റ്റ് വെയറുകൾ പ്രവർത്തനക്ഷമമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി പേര്, നം. ഐ.കെ.എം.ന് അടയ്ക്കേണ്ട വിഹിതം, 292/16

ചെലവ് തുക. 47,830/- (വികസന ഫണ്ട്, ബിൽ നം, തീയതി. 1357/16, 31.03.2016 )

29.05.2009ലെ(ആർ.ടി)1265/09/ത.സ്വ.ഭ.വ, 08.03.2016ലെ(സാധാ)1228/2016/ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാ വർഷവും ഐ.കെ.എം.ന്റെ പ്രവർത്തനത്തിനു വേണ്ടി തങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും നിർബന്ധമായും പണം നീക്കിവെക്കേണ്ടതാണെന്ന് വ്യക്തമാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് വർഷത്തിൽ പദ്ധതി രൂപീകരിച്ച് മേൽ വിവരിച്ച തുക ഐ.കെ.എം. ന് നൽകിയത്. എന്നാൽ പഞ്ചായത്തിൽ ഐ.കെ.എം.വിന്യസിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലെ പ്രവർത്തനാവസ്ഥ പരിശോധിച്ചതിൽ നിന്നും സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല എന്ന് കാണുവാൻ കഴിഞ്ഞു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>സോഫ്റ്റ് വെയർ ഇനം</th><th>നിലവിലെ അവസ്ഥ</th></tr>
<tr><td>സുലേഖ</td><td rowspan="5">പ്രവർത്തിക്കുന്നു</td></tr>
<tr><td>സാംഖ്യ</td></tr>
<tr><td>സേവന - പെൻഷൻ</td></tr>
<tr><td>സേവന – സിവിൽ രജിസ്ട്രേഷൻ</td></tr>
<tr><td>സ്ഥാപന</td></tr>
<tr><td>സചിത്ര</td><td rowspan="2">പ്രവർത്തിക്കുന്നില്ല.</td></tr>
<tr><td>സകർമ്മ</td></tr>
<tr><td>സഞ്ചയ</td><td rowspan="3">പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>സൂചിക</td></tr>
<tr><td>സുഗമ</td></tr>
</table>

മുകളിൽ വിവരിച്ച സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ വിവരങ്ങൾ കാലികമല്ല. 2008-09 കാലഘട്ടത്തിൽ പഞ്ചായത്തുകളിൽ ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണം ഓഡിറ്റ് കാലയളവ് വരെ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുവാൻ ഐ.കെ.എം.ന് കഴിഞ്ഞിട്ടില്ല. ഐ.കെ.എം. ന് വർഷം തോറും പണം നൽകുന്നതോടെ തങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു എന്ന നിലപാടിലാണ് പഞ്ചായത്ത് അധികാരികളും. മേൽ വിവരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-29 അനുപൂരക പോഷകാഹര പദ്ധതിക്ക് കേന്ദ്ര വിഹിതം പൂർണ്ണമായും ലഭ്യമക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ അനുപൂരക പോഷകാഹര പദ്ധതിക്ക് 17,00,000/- രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട് (പ്രോജക്ട് നം.175/16). മേലിനത്തിലെ ചെലവിന് 12,00,000/ രൂപ വികസന ഫണ്ടും, 2,00,000/- രൂപ തനത് ഫണ്ടും, 3,00,000/- രൂപ കേന്ദ്രവിഹിതവുമാണ് വിനിയോഗിച്ചിരിക്കുന്നത്. അതായത് ആകെ പദ്ധതിയുടെ 17.64% തുക മാത്രമാണ് പ്രസ്തുത വർഷം കേന്ദ്രവിഹിതം വിനിയോഗിച്ചത്. ഓഡിറ്റ് വർഷത്തിൽ പദ്ധതിയുടെ കേന്ദ്ര വിഹിതം ലഭിച്ച 3,36,938/- രൂപയാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ യഥാർത്ഥ ചെലവിന്റെ 50% വഹിക്കേണ്ടത് കേന്ദ്ര വിഹിതം ലഭ്യമാക്കിയാണ്. എന്നാൽ പദ്ധതി രൂപീകരണ വേളയിലോ തുടർന്നോ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാതെ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് കേന്ദ്ര വിഹിതത്തിന്റെ കുറവ് നികത്തുന്നത് ശരിയായ നടപടിക്രമമല്ല. കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-30 മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

| വൌച്ചർ നം, തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21500253,24.06.2015 | 19200 | കല്ലാച്ചി പൈപ്പ് ലൈൻ റോഡ് - ടിപ്പു സുൽത്താൽ റോഡ് മാലിന്യം വൃത്തിയാക്കൽ പ്രവൃത്തികൾ |
| 21500197,03.06.2015 | 6800 | കല്ലാച്ചി - നാദാപുരം ടൌണിന്റെ ഭാഗങ്ങളിൽ പ്രത്യേക ശുചീകരണ പ്രവൃത്തികൾ |
| 21500203,09.06.2015 | 6800 | |
| 21500300,02.07.2015 | 6800 | ചേലക്കാട് പ്രദേശങ്ങളിലെ ശുചീകരണ പ്രവൃത്തികൾ |
| ആകെ | 39600 | |

